2023 ഏപ്രിൽ 25

ബിലീവേഴ്സ് ക്രൈസ്തവ ദ്വൈവാരിക ജേണൽ

VOL:16 ISSUE: 04 RNI.NO.KERMAL/2008/26530 Pages:09

# ദൈവത്തെ കാണാൻ ഉപവസിച്ചു കാത്തിരുന്ന വിശ്വാസികൾ മരണപ്പെട്ടു



- 58 മൃതദേഹങ്ങൾ കണ്ടെടുത്തു
- കൾട്ട് പാസ്റ്റർ പോൾ മക്കെൻസി അറസ്റ്റിൽ
- ഇനിയും ധാരാളം പേർ മരിച്ചതായി സംശയിക്കുന്നു
- മൃതദേഹങ്ങൾക്കായി തിരച്ചിൽ തുടരുന്നു

**നയ്റോബി:** ദൈവത്തെ കാണാനും സ്വർഗത്തിലെത്താനും എളുപ്പവഴി നിർദ്ദേശിച്ച പാസ്റ്ററെ അന്ധമായി വിശ്വസിച്ച അനുയായികൾ മരണമടഞ്ഞു. ആത്മീയതയുടെ മറവിൽ ദുരുപദേശവുമായി ജനത്തെ സ്വാധീനിക്കുകയും തന്റെ ചൊൽപ്പടിയിൽ ആക്കുകയും ചെയ്ത ദ ഗുഡ്ന്യൂസ് ഇന്റർനാഷണൽ ചർച്ചിന്റെ പ്രസിഡന്റ് പാസ്റ്റർ പോൾ മക്കെൻസിയുടെ അനുയായികളാണ് ദാരുണമായി മരണമടഞ്ഞത്. ദീർഘദിവസങ്ങൾ ആഹാരം വെടിഞ്ഞ് വനത്തിൽ ഉപവസിച്ചു കാത്തിരുന്ന വിശ്വാസികൾക്കാണ് അന്ത്യം സംഭവിച്ചത്. മരിച്ചവരുടെ 58 മൃതദേഹങ്ങൾ ഇതുവരെയായി കെനിയയിലെ വനത്തിൽ നിന്ന് പോലീസ് കണ്ടെടുത്തു. കെനിയയിലെ തീരദേശ പട്ടണമായ മലിൻഡിക്കു സമീപമുള്ള ദ ഗുഡ്ന്യൂസ് ഇന്റർനാഷണൽ ചർച്ച് പ്രസിഡന്റ് പാസ്റ്റർ പോൾ മക്കെൻസിയുടെ ഉടമസ്ഥതയിലുള്ള 800 ഏക്കർ വനത്തിൻ ഉള്ളിലാണ് വിശ്വാസികൾ ദൈവത്തെ കാണാൻ കാത്തിരുന്നത്.

ഇവിടെ വലിയ കുഴികളിൽ കൂട്ടമായി അടക്കപ്പെട്ട നിലയിലാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്. കൂടുതൽ പേർ മരണപ്പെട്ടിട്ടുണ്ട് എന്ന സംശയത്തെ തുടർന്ന് പോലീസ് മൃതദേഹങ്ങൾക്കായി തെരച്ചിൽ തുടരുകയാണ്.

'യേശുവിനെ കാണാൻ' മരണം വരെ ഉപവസിക്കണമെന്ന പാസ്റ്ററുടെ ആഹ്വാനം അന്ധമായി അനുസരിച്ച വിശ്വാസികൾക്കാണ് ഇത്തരത്തിൽ അന്ത്യം സംഭവിച്ചത്. കഴിഞ്ഞ കുറെ നാളായി ധാരാളം ആളുകളെ കാണാതെയായി എന്ന പരാതി ഉയർന്നിരുന്നു. ഇതിനെ തുടർന്നാണ് പോലീസ് മക്കെൻസിയുടെ ആരാധനാകേന്ദ്രത്തിൽ റെയ്ഡ് നടത്തുകയും പട്ടിണികിടന്ന് അവശരായവരെ കണ്ടെത്തി 29 പേരെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നു. പോലീസ് നടത്തിയ തിരച്ചലിൽ ആഴം കുറഞ്ഞ ഒട്ടേറെ കുഴിമാടങ്ങൾ കണ്ടെത്തി. എല്ലാ കുഴിമാടത്തിലും കുരിശു നാട്ടിയിരുന്നു. 112 പേരെ കാണാതായതായി കെനിയ റെഡ് ക്രോസ് സൊസൈറ്റിക്ക് പരാതി ലഭിച്ചിരുന്നു.

കുട്ടികളുടെ മരണവുമായി ബന്ധപ്പെട്ടും മക്കെൻസിയെ 2019ലും ഈ വർഷം മാർച്ചിലും അറസ്റ്റ് ചെയ്തിരുന്നു. വ്യക്തമായ തെളിവുകളുടെ അഭാവത്തിൽ മക്കെൻസി രക്ഷപ്പെടുകയായിരുന്നു. ആത്മീയതയുടെ മറവിൽ നടത്തുന്ന വെളിവുകേടുകൾ വരുത്തിവയ്ക്കുന്ന വിന ഒരു മുന്നറിയിപ്പായി ഈ സംഭവത്തോടെ ലോകത്തിന് മുന്നിൽ വീണ്ടും എത്തിയിരിക്കുന്നു.

## ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് അസിസ്റ്റന്റ് ഓവർസിയറായി പാസ്റ്റർ ഇ.ജെ.ജോൺസൺ



**ബെംഗളൂരു:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കർണാടക സ്റ്റേറ്റ് അസിസ്റ്റന്റ് ഓവർസിയറായി പാസ്റ്റർ ഇ. ജെ. ജോൺസൺ, കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജോസഫ് ജോൺ, സ്റ്റേറ്റ് ട്രഷറർ പാസ്റ്റർ പി.വി.കുര്യാക്കോസ്, യു.പി.ജി സ്റ്റേറ്റ് കോർഡിനേറ്ററായി പാസ്റ്റർ ബേബൻ ജോസഫ് എന്നിവരെ തിരഞ്ഞെടുത്തു.

ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ നടന്ന കൗൺസിൽ യോഗത്തിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. അസിസ്റ്റന്റ് ഓവർസിയറായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഇ. ജെ. ജോൺസൺ ബാംഗ്ലൂർ നോർത്ത് സെൻറർ പാസ്റ്ററും ആർ.ടി.നഗർ ചർച്ച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനും കർണാടക യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് (കെയുപിഎഫ്) സെക്രട്ടറിയുമാണ്. മുൻ കൗൺസിൽ സെക്രട്ടറിയായിരുന്ന ഇദ്ദേഹം കോട്ടയം സ്വദേശിയാണ്.

കൗൺസിൽ സെക്രട്ടറിയായി തിരഞ്ഞെടുത്ത പാസ്റ്റർ ജോസഫ് ജോൺ ചർച്ച് ഗോഡ് ബാംഗ്ലൂർ സൗത്ത് സെൻറർ പാസ്റ്ററും ബന്നാർഗട്ടെ ചർച്ച് ഓഫ് ഗോഡ്

07

## ഇനി നോർത്ത് അമേരിക്കൻ കോൺഫറൻസുകളുടെ കാലം

### ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക്

**ഫിലെദെൽഫിയ:** ഇനി വരാനുള്ള ദിനങ്ങൾ നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസുകളുടെ കാലം. പെന്തെക്കോസ്ത് സഭകളുടെ ഐക്യസംരംഭമായ പിസിഎൻഎകെ സമ്മേളനം കോവിഡ് പ്രതിസന്ധി മൂലം ചില വർഷങ്ങളായി മുടങ്ങിയിരുന്നു. ഏറെ പ്രതീക്ഷ നൽകുന്ന 38-ാമത് സമ്മേളനം ജൂൺ 29 മുതൽ ജൂലൈ 2 ഫിലഡൽഫിയയിലെ ലാങ്കസ്റ്റർ കൗണ്ടിയിൽ നടക്കും. ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ എത്തിയതായി സംഘാടകർ അറിയിച്ചു. 5000 പേരെയാണ് ഇത്തവണ പ്രതീക്ഷിക്കുന്നത്. പാസ്റ്റർ റോബിൻ മാത്യു (നാഷണൽ കൺവീനർ), ശാമുവേൽ യോഹന്നാൻ (നാഷണൽ സെക്രട്ടറി), വിൽസൺ തരകൻ (നാഷണൽ ട്രഷറാർ), സോഫി വർഗീസ് (നാഷണൽ ലേഡീസ് കോർഡിനേറ്റർ), ഫിന്നി വി. ഫിലിപ്പ് (നാഷണൽ യൂത്ത് കോർഡിനേറ്റർ) ആയും പ്രവർത്തിക്കുന്നു.

ചർച്ച് ഓഫ് ഗോഡ് സഭകളുടെ (നാക്കോഗ്) 26-ാമത് കോൺഫറൻസ് ജൂലൈ 13-16 വരെ അറ്റ്ലാന്റായിൽ നടക്കും. പാസ്റ്റർ ഷിബു തോമസ് (നാഷണൽ പ്രസിഡന്റ്), ഏബ് ജോയ് (നാഷണൽ സെക്രട്ടറി), ജോഷ്വാ ജോസഫ് (നാഷണൽ ട്രഷറർ), ഷീല തോമസ് (ലേഡീസ് നാഷണൽ കൺവീനർ) ആയും പ്രവർത്തിക്കുന്നു.

എ.ജി. സഭകളുടെ (AGFINA) സിൽവർ ജൂബിലി കോൺഫറൻസ് ജൂലൈ 20-25 വരെ ഫിലദൽഫിയയിൽ നടക്കും. പാസ്റ്റർ സാജൻ ജോർജും (നാഷണൽ കൺവീനർ), ഫിലിപ്പ് ഡാനിയേൽ (മോൻസി) (നാഷണൽ സെക്രട്ടറി), സൈമൺ കെ. സൈമൺ (ട്രഷറാർ), ലെബി ചെറിയാൻ (ലേഡീസ് കൺവീനർ) ആയും പ്രവർത്തിക്കുന്നു.

ശാരോൻ സഭകളുടെ കോൺഫറൻസ് ജൂലൈ 27-30 വരെ ഒക്കലഹോമയിൽ നടക്കും. പാസ്റ്റർ ഡോ. മാത്യു വർഗീസ് (നാഷണൽ കൺവീനർ), പാസ്റ്റർ തേജസ് തോമസ് (ജനറൽ സെക്രട്ടറി), ജോൺസൻ ഉമ്മൻ (നാഷണൽ ട്രഷറർ), മിനി

04

## സാക്ഷി



കോവിഡാനന്തര ന്യൂജെൻ പെന്തെക്കോസ്തിൽ ആൾദൈവങ്ങളുടെ അതിപ്രസരം.

*കെനിയൻ സംഭവം പാഠമാക്കാൻ കഴിഞ്ഞാൽ നല്ലത്.*

## ഡോ. ജെയിംസ് ജോർജ്ജ് പുനലൂർ ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പാൾ



ബഥേൽ ബൈബിൾ കോളേജിന്റെ പുതിയ പ്രിൻസിപ്പാളായി ഡോ. ജെയിംസ് ജോർജ് നിയമിതനായി. വെണ്മണി സ്വദേശിയായ അദ്ദേഹം കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് B.A., സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും B.D., M.Th., D.Th., (Ph.D) എന്നീ ബിരുദങ്ങൾ നേടിയിട്ടുണ്ട്. കൗൺസിലിങ് ഐച്ഛീക വിഷയമായെടുത്താണ് ഗവേഷണ പഠനം നടത്തിയത്. എഴുത്തുകാരൻ, പ്രഭാഷകൻ, അധ്യാപകൻ, കൗൺസിലിംഗ് എന്നീ നിലകളിൽ കഴിവ് തെളിയിച്ചിട്ടുള്ള വ്യക്തിയാണ്. ഈടുറ്റ ഗ്രന്ഥങ്ങളുടെയും രചയിതാവ് കൂടിയാണ് ഡോ. ജെയിംസ് ജോർജ്.

## പിസിനാക്കിന്റെ വളർച്ചയ്ക്കായി നിർദ്ദേശങ്ങളുമായി ഫോക്കസ് കമ്മറ്റി



റവ. സണ്ണി താഴാംപള്ളം

**ഹൂസ്റ്റൺ:** അമേരിക്കയിലെ മലയാളി പെന്തെക്കോസ്തു കൂട്ടായ്മ രൂപീകൃതമായിട്ട് മൂന്ന് പതിറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. പങ്കെടുക്കുന്നവരിൽ ഏറ്റക്കുറച്ചിലുകൾ സംഭവിക്കാറുണ്ടെങ്കിലും വിശ്വാസികൾ നെഞ്ചിലേറ്റിയ പ്രസ്ഥാനം തന്നെയാണ് പിസിനാക്. അമേരിക്കയിലെ സകലമാന പെന്തെക്കോസ്തുകാരെയും ഒരു കുടക്കീഴിൽ അണിനിരത്തി പിസിനാക്കിനെ എങ്ങനെ വൻ ജനപങ്കാളിത്തത്തോടെ നടത്താം എന്ന ചിന്ത മുൻനിരപ്രവർത്തകരിൽ ഉണ്ടായിട്ട് നാളേറെയായി. കൂട്ടായും അല്ലാതെയുമുള്ള അനൗദ്യോഗിക ചർച്ചകളും നടക്കാറുണ്ടായിരുന്നു.

പിസിനാക്കിന്റെ

08

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

കേരളാ സ്റ്റേറ്റ് കോർഡിനേറ്റർ
പാസ്റ്റർ തോമസ് ജോർജ്ജ്, കട്ടപ്പന

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box: 58
Kumbanad P.O.,
Thiruvalla
Pin: 689 547

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

OFFICE: 09526602670
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## എഡിറ്റോറിയൽ...

# വെന്തുരുകുന്ന കേരളം



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

സംസ്ഥാനത്ത് വേനൽ ചൂടിന് കാഠിന്യം വർധിച്ചുകൊണ്ടിരിക്കുന്നു. അമിത ചൂടിനാൽ വിയർത്തൊലിച്ച് ക്ഷീണിതരാകുന്ന മനുഷ്യരുടെ എണ്ണം നാൾക്കുനാൾ വർധിച്ചുവരുന്നു. പകൽ സൂര്യതാപമേറ്റുള്ള പൊള്ളലേക്കുന്നവരുടെ എണ്ണവും കേരളത്തിലെ മിക്ക ജില്ലകളിലും വർധിക്കുകയാണ്. 1998 ലാണ് ഇതിന് മുമ്പ് ഇത്രയേറെ ചൂട് അനുഭവപ്പെട്ടിട്ടുള്ളത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പകുതിയോടെ അന്തരീക്ഷ താപനിലയിൽ 1.4 ഡിഗ്രി മുതൽ 5.8 ഡിഗ്രി സെൽഷ്യസ് വരെ ചൂടു കൂടുമെന്ന് കാലാവസ്ഥാ വിദഗ്ദ്ധർ മുന്നറിയിപ്പ് തന്നിട്ടുള്ളതാണ്. ഈ വേനലിലെ ചൂടിന് ഒട്ടനവധി പ്രത്യേകതകളുണ്ട്. കേരളത്തിലെ ശരാശരി ചൂട് 26 മുതൽ 31 വരെ ഡിഗ്രി സെൽഷ്യസ് ആയിരുന്നത് ഇന്ന് 28 മുതൽ 32 വരെ ഡിഗ്രി സെൽഷ്യസാണ്. അതായത് കുറഞ്ഞ താപനില ഗണ്യമായി ഉയർന്നിരിക്കുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചൂടിന്റെ അളവ് ഈ കാലഘട്ടത്തിൽ 2 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നിട്ടുണ്ട്. ഭൂമി വെന്തുരുകി തുടങ്ങിയിരിക്കുന്നു. ശീതകാലത്തിന്റെ അവസാന പാതത്തിൽ തന്നെ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ താപനില 40 ഡിഗ്രി സെൽഷ്യസിൽ എത്തിയിരുന്നു. വേനൽക്കാലം കടുക്കുന്നത്തോടെ ഈ വർഷം രാജ്യത്ത് തീവ്രമായ ചൂട് തന്നെയായിരിക്കും അനുഭവപ്പെടുക. നീണ്ടുനിൽക്കുന്ന ചൂട് തരംഗങ്ങളുടെ സാധ്യതയെക്കുറിച്ച് ആശങ്കയുള്ളതായി ഇതിനകം തന്നെ കേന്ദ്ര കാലാവസ്ഥ വകുപ്പുകളടക്കം അറിയിച്ചിട്ടുണ്ട്. ഭൂമിക്ക് ചൂട് കൂടുന്നതിനനുസരിച്ച് മണ്ണിൽ നിന്നുള്ള കാർബൺ ഡയോക്സൈഡിന്റെ ബഹിർഗമനം വർധിക്കുന്നുവെന്നാണ് കണ്ടെത്തൽ. ചൂട് കൂടുന്നതിനനുസരിച്ച് കാർബൺ ഡയോക്സൈഡ് പുറത്ത് വരികയെന്നാൽ അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ സാന്ദ്രത വർധിക്കുന്നു എന്നാണ്. അതനുസരിച്ച് ആഗോളതാപനം വീണ്ടും വർധിക്കും. ആഗോളതാപനം മനുഷ്യജീവിതത്തെയെന്നപോലെ മൃഗങ്ങളെയും സസ്യജാലങ്ങളെയും സാരമായി ബാധിക്കുന്നു. വരൾച്ച, കൊടുങ്കാറ്റ്, ഉഷ്ണതരംഗങ്ങൾ, ചൂടായി ഉയരുന്ന സമുദ്ര നിരപ്പ് എന്നിവ മൃഗങ്ങളെ നേരിട്ട് ദോഷകരമായി ബാധിക്കുകയും അവയുടെ ആവാസവ്യവസ്ഥ തകിടം മറിയാൻ കാരണമാവുകയും ചെയ്യും. മാർച്ച് മുതൽ മേയ് വരെയാണ് കേരളത്തിൽ വേനൽക്കാലമായി കണക്കാക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്ത് വലിയ ചൂടാണ് അനുഭവപ്പെട്ടത്. അത്രയും കഠിനമായ ഉഷ്ണതരംഗങ്ങളാണ് കേരളക്കരയിൽ ആഞ്ഞു വീശിക്കൊണ്ടിരിക്കുന്നത്. അതേസമയം, ഈ വർഷം വേനൽക്കാലം കേരളത്തെ വല്ലാതെ വലക്കില്ലെന്നാണ് കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ വിലയിരുത്തൽ.

സംസ്ഥാനത്ത് മൊത്തമായി അനുഭവപ്പെട്ടിരിക്കുന്ന ഈ ചൂടിന് മറ്റു ചില കാരണങ്ങൾ കൂടിയുണ്ട്. 2011-2012 നെ അപേക്ഷിച്ച് സംസ്ഥാനത്തെ വാഹനപ്പെരുപ്പം പതിന്മടങ്ങായിട്ടുണ്ട്. 2011 ൽ മാത്രം സംസ്ഥാനത്തെ വനഭൂമിയിൽ നിന്ന് 24 ചതുരശ്ര കി.മീ വനം നശിച്ചതായി കണക്കാക്കുന്നു. 1950 ൽ 25 ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് 2011 ൽ എട്ട് ലക്ഷം ഹെക്ടറിൽ താഴെയാണ്. സംസ്ഥാനത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 819 പേർ എന്ന നിലയിൽ ജനപ്പെരുപ്പം വർധിച്ചു. കേരളത്തിന്റെ അന്തരീക്ഷത്തിൽ ഹരിതഗ്രഹവാതകങ്ങളുടെ അളവ് പ്രത്യേകിച്ചും കാർബൺഡൈഓക്സൈഡിന്റെ അളവ് ക്രമാതീതമായി വർധിച്ചിട്ടുണ്ട്. ഇതോടൊപ്പം പൊടിപടലങ്ങൾ ഭൂമിയുടെ മണ്ണിനോട് ചേർന്ന് ഉപരിതലത്തിൽ വളരെയേറെ ഏറിയിരിക്കുന്നു. ചരക്കുനീക്കം, നിർമാണ പ്രവർത്തനങ്ങൾ, നിർമിതികളുടെ പൊളിച്ചുമാറ്റൽ എന്നിവയെല്ലാം പൊടിപടലങ്ങൾ വർധിക്കുവാൻ കാരണമായിട്ടുണ്ട്. വ്യവസായ മലിനീകരണത്തിന് പുറമെയാണിത്. കൂണുപോലെ ഉയർന്നുപൊങ്ങിയിരിക്കുന്ന കോൺക്രീറ്റ് കെട്ടിടങ്ങൾ, കെട്ടിടങ്ങളുടെ മേൽക്കൂര ലോഹഷീറ്റ് മേയൽ,കെട്ടിടങ്ങൾ പൂർണമായും ലോഹകവചം കൊടുക്കൽ എന്നിവയെല്ലാം പകൽ വലിച്ചെടുക്കുന്ന താപം കൂടുതരംഗമായി രാത്രികാലങ്ങളിൽ പുറന്തള്ളുന്നതിന് ഇടവരുത്തുകയാണ്. ഇതുകൂടാതെ സംസ്ഥാനത്തെ ടാർ റോഡുകളുടെ ക്രമാതീതമായ പെരുപ്പും വീതികൂട്ടലും റെയിൽ പാത ഇരട്ടിപ്പിക്കലും ചൂട് വർധിപ്പിക്കുവാൻ പ്രത്യേകിച്ചും രാത്രികാല താപവർധനയ്ക്ക് കാരണമായി. കോൺക്രീറ്റ് കെട്ടിടങ്ങളും റോഡുകളും മെട്രോ നഗരങ്ങളുടെ 70 ശതമാനത്തിലധികം കീഴടക്കിക്കഴിഞ്ഞു. ചൂടകറ്റാനുള്ള ശീതീകരണ യന്ത്രങ്ങൾ, ഫാനുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ മുറിയുടെ അകം മാത്രമേ തണുപ്പിക്കൂ. അന്തരീക്ഷതാപം ഇരട്ടിയാക്കുവാൻ കെൽപ്പുള്ളവയാണ് അവ. ഇടയ്ക്കിടെ പെയ്യുന്ന മഴ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണമാക്കുകയാണ്. 89 ശതമാനത്തോളമുള്ള അന്തരീക്ഷ ഈർപ്പം പകലും രാത്രിയും ശരീരം വിയർത്തൊലിക്കുവാൻ ഇടയാക്കുകയാണ്. ഇങ്ങനെ കേരളത്തിലെ ചൂട് വർധിക്കുവാൻ കാരണങ്ങൾ നിരവധിയാണ്.

ഇതുകൊണ്ടൊന്നും നാം പഠിക്കുന്നില്ല എന്നതാണ് വാസ്തവം. നദികളുടെ വേനൽക്കാല നീരൊഴുക്ക് നിലനിർത്തുന്ന പശ്ചിമഘട്ട വൃഷ്ടിപ്രദേശ വനമേഖലയിലെ പാറമടകളും വനനാശവും നിലനിർത്തണമെന്ന പക്ഷക്കാരാണ് ഇന്നും നമുക്ക് ചുറ്റും. പ്രൊഫ.മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് തള്ളണമെന്നും ഡോ.കസ്തൂരിരംഗൻ റിപ്പോർട്ട് കൊള്ളണമെന്നും വാദിക്കുന്നവരിൽ ഏറിയ പങ്കും നിലവിലെ പ്രകൃതി സംരക്ഷണ നിയമങ്ങൾ പാലിക്കുവാൻ വൈമുഖ്യം കാണിക്കുന്നവരാണ്. പ്രകൃതി വിഭവങ്ങൾ ആവോളം വെട്ടിപ്പിടിക്കുക. കാലാവസ്ഥയിൽ മാറ്റം വന്നാലും കേരളം പൊള്ളിവരണ്ടാലും പ്രകൃതി വിഭവ കൊള്ള അവസാനിപ്പിക്കുവാൻ തയ്യാറാകാത്തവരാണവർ. 2009 ലെ കാലാവസ്ഥാ പ്രവചനം അനുസരിച്ച് ചൂടുള്ള വേനലുകൾ വരാനിരിക്കുന്നതേയുള്ളൂ എന്നാണ്. അടുത്ത തലമുറയെ സൂര്യതാപമേറ്റ് പൊള്ളലേൽക്കാനും രൂക്ഷമായ കുടിവെള്ള ദൗർലഭ്യത്തിനും വിട്ടുകൊടുക്കുന്നത് കൊടും ക്രൂരതയാണ്. ലോകഭൗമദിനത്തിലെങ്കിലും ഈ ചിന്ത നമ്മെ ഭരിയ്ക്കേണ്ടതാണ്.

## ലേഖനം

# കർത്താവിന്റെ വരവും ലോകാവസാനവും



**പാസ്റ്റർ കെ. ജെ. മാത്യു**

ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന് എന്ത് ഭവിപ്പാൻ പോകുന്നു എന്ന് പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജീവന്മാർ ആകും. അപ്പോൾ മനുഷ്യ പുത്രൻ ശക്തിയോടും മഹാ തേജസോടുംകൂടെ മേഘത്തിൽ വരുന്നത് അവർ കാണും. ഇത് സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്ത് വരുന്നത് കൊണ്ട് നിവർന്നു തല പൊക്കുവിൻ.' (ലൂക്കോസ് 21: 25-28).

ഭൂമിയിലെ ജാതികൾക്ക് നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകുന്നതിനെപ്പറ്റി യേശു പറയുന്നു. ഇവിടെ 'പരിഭ്രമം' എന്ന വാക്കിന് യഥാർത്ഥ യവന ഭാഷയിൽ 'അപോറിയ' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അക്ഷരീയമായ അർത്ഥം 'പുറത്തേക്കു വഴിയില്ല' എന്നാണ്. ഒരു ആഗോള പ്രതിസന്ധി ഉരുണ്ടു കൂടുന്നത് നാം കാണുന്നു. അതിനു പരിഹാരമില്ല. അത് പരിഹരിക്കാൻ ആർക്കും കഴിയുകയില്ല. അത് മൂലം, ലോകത്തിന് എന്താണ് വരാനിരിക്കുന്നതെന്നു ചിന്തിച്ചു ജനങ്ങൾ ഭയപ്പെടുന്നു.

ലോകത്തിന്റെ സൃഷ്ടിക്കുശേഷം മാനവ ചരിത്രത്തിൽ നടക്കാൻ പോകുന്ന ഏറ്റവും നാടകീയമായ ഇടപെടൽ ആയിരിക്കും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്. യേശു ക്രിസ്തു രണ്ടാമത് വരുന്നത് അവിടുന്ന് ആദ്യം വന്നതിൽ നിന്ന് വളരെ വ്യത്യസ്തമായിട്ടായിരിക്കും. രണ്ടാമത് അവിടുന്ന് രാജാധിരാജവായിട്ടും കർത്താധി കർത്താവായിട്ടും ദൈവത്തിന്റെ സർവ്വശക്തിയുമായിട്ടുമാണ് വരിക. ലോകത്തിന്റെ ഇപ്പോഴത്തെ കുഴഞ്ഞു മറിഞ്ഞ വ്യവസ്ഥയെ ഇല്ലാതാക്കി തന്റെ മശിഹാ രാജ്യം സ്ഥാപിച്ച് ലോകത്തിൽ നീതിയും ശാന്തിയും സംജാതമാക്കുവാനാണു അവിടുന്ന് വരുന്നത്. യേശു വീണ്ടും വരണമെന്നു ആഗ്രഹിക്കുന്നവർക്ക്, അവിടത്തെ വരവിനുവേണ്ടി കാത്തിരിക്കുന്നവർക്ക് ഈ ദുരന്തസംഭവങ്ങൾ മഹാസന്തോഷത്തിനു വഴിമാറും. മറുവശത്തു, യേശുവിനെ നിരസിക്കുന്നവർക്ക്, അവനെതിരെ യുദ്ധം ചെയ്യുന്നവർക്ക്, അവിടത്തെ മടങ്ങിവരവ് ദുരന്തത്തിന്റെ നിമിഷമായിരിക്കും.

കർത്താവിനോടുകൂടെ ഇരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നതിനാൽ നാം ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നടക്കുന്നതുമെല്ലാം കർത്താവിനു പ്രസാദകരമായ വിധത്തിലാകുന്നുവോ എന്ന് പരിശോധിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്.

മനുഷ്യനെ ശോധന ചെയ്തു നന്നായി ഗ്രഹിക്കുന്ന ദൈവത്തെ ദാവീദ് വർണ്ണിക്കുന്ന ഒരു ഗീതമാണ് 139-ാം സങ്കീർത്തനം. ദൈവം തന്നെ ശോധന ചെയ്യുന്നുവെന്നും ദൈവത്തിന്റെ മുൻപിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല എന്നും തന്റെ എല്ലാ വഴികളും നടപ്പും കിടപ്പും ഇരിക്കുന്നതും എഴുന്നേൽക്കുന്നതും എല്ലാം ദൈവം അറിയുന്നുവെന്നും ദാവീദ് ഗ്രഹിച്ചിരുന്നു. മനസ്സിന്റെ നിരൂപണം പോലും ദൈവം ദൂരത്തു നിന്ന് അറിയുന്നുവെന്നും ദൈവം അറിയാതെ ഒരു വാക്കും തന്റെ നാവിന്മേൽ ഇല്ല എന്നും അവൻ തുറന്നു സമ്മതിക്കുന്നതായി ഈ സങ്കീർത്തനത്തിൽ കാണുന്നു.

ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം അവന്റെ ഇരിപ്പു വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇരിപ്പിടങ്ങളുടെ ക്രമീകരണത്തിനും വലിയ പ്രാധാന്യമുണ്ട്. എല്ലാ ഇരിപ്പിടങ്ങളും ദൈവമക്കൾക്ക് അനുയോജ്യമല്ല. ദൈവമക്കൾക്ക് ഇരിക്കുവാൻ യോഗ്യമായതും അല്ലാത്തതുമായ ഇരിപ്പിടങ്ങളെ കുറിച്ച് വേദപുസ്തകം വളരെ വ്യക്തമായി പ്രതിപാദിക്കുന്നു.

'പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുത്' എന്ന് സങ്കി.

**തുടർച്ച**

1:1ൽ കാണുന്നു. നിഗളവും ഗർവ്വവും ഉള്ളവന് പരിഹാസി എന്ന് പേർ. അവൻ ഗർവ്വത്തിന്റെ അഹങ്കാരത്തോടെ പ്രവർത്തിക്കുന്നു. (സദൃശ്യ. 21: 24) ഗർവ്വം നാശത്തിനും ഉന്നതഭാവം വീഴ്ചക്കും കാരണമാകുന്നു. അന്ത്യകാലത്തിന്റെ ഒരു ലക്ഷണമാണ് പരിഹാസം. 'പിതാക്കന്മാർ നിദ്ര കൊണ്ട ശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു എന്നു പറഞ്ഞ് സ്വന്ത മോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞുകൊൾവിൻ (2പത്രോസ് 3: 4). 'അന്ത്യകാലത്ത് ഭക്തി കെട്ട മോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ ഉണ്ടാകും' (യൂദാ 17-19) ഈ നാളുകളിൽ ദൈവമക്കളെ പിടിച്ചടക്കുവാൻ ശ്രമിക്കുന്ന ഒരു ദുരാത്മാവാണ് പരിഹാസത്തിന്റെ ആത്മാവ്. കർത്താവിന്റെ വരവിനെ കുറിച്ചുള്ള പ്രത്യാശയിൽ നിന്ന് അകറ്റുവാൻ ശ്രമിക്കുന്ന ഒരു ദുഷ്ടാത്മാവാണിത്. സ്വന്ത മോഹങ്ങളെ അനുസരിച്ച് നടക്കുമ്പോൾ, സ്വന്തഹിതം നിവർത്തിക്കുവാൻ ആഗ്രഹിക്കുമ്പോൾ ഈ ആത്മാവ് അവരിൽ പ്രവർത്തിക്കുവാൻ ആരംഭിക്കും. ഒരിക്കൽ ആ ആത്മാവിന് അടിമപ്പെട്ടാൽ വിടുതൽ

07

# വേദപഠനം



പാസ്റ്റർ പി.ജി. ഏബ്രഹാം



# എഫെസ്യലേഖനം – ഒരു പഠനം
## അദ്ധ്യായം 2 തുടർച്ച

ഭാഗം – 31

രക്ഷ ഏതെങ്കിലും മാനുഷികമായ പ്രവർത്തികൊണ്ടാണ് നേടിയെടുത്തതെങ്കിൽ ആ പ്രവർത്തിയിൽ പ്രശംസിക്കാമായിരുന്നു. 'മനുഷ്യന്റെ നീതി പ്രവർത്തികൾ കറപുരണ്ട തുണി പോലെയാണ്' (യെശ. 64:62). പ്രവർത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല. ആരെങ്കിലും തന്നെത്താൻ പ്രശംസിക്കുന്നുവെങ്കിൽ രക്ഷയുടെ 'ദൈവീക വഴി' അറിയാത്തവരാണ്.

രക്ഷയ്ക്കായി ദൈവം ഒരുക്കിയ വഴി പ്രീയ പുത്രനായ ക്രിസ്തുയേശുവിലുള്ള വിശ്വാസം മാത്രമാണ്. അതായത്, ക്രിസ്തു മരിച്ചത് ഒരുവന്റെ പാപത്തിന്റെ മോചനത്തിനാണെന്ന് വിശ്വസിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തിയാണത്. 'രക്ഷ വിശ്വാസത്താൽ' എന്നതിന്റെ അർത്ഥവുമതാണ്.

യാക്കോബിന്റെ ലേഖനത്തിൽ പ്രവൃത്തിയേക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ചിലരെങ്കിലും സംശയത്തോടെയാണ് വീക്ഷിച്ചിരുന്നത്. നവീകരണ കർത്താവായിരുന്ന മാർട്ടിൻ ലൂഥർ തന്റെ ബൈബിളിൽ യാക്കോബിന്റെ ലേഖനം ഉൾപ്പെടുത്തിയിരുന്നില്ല. അതിനു കാരണമായി താൻ കണ്ടിരുന്നത് യാക്കോബ് 'പ്രവൃത്തികളാലുള്ള രക്ഷ'യെപ്പറ്റി പറയുന്നുവെന്നായിരുന്നു. അതു ലൂഥറിന്റെ വീക്ഷണത്തിൽ വന്ന മാറ്റമാണ്. കാരണം ലൂഥർ 'വിശ്വാസത്താലുള്ള രക്ഷ'യെ ഊന്നിപ്പറഞ്ഞുകൊണ്ടാണ് നവീകരണത്തിലേക്ക് നയിക്കപ്പെട്ടത്. രക്ഷയ്ക്ക് കത്തോലിക്ക സഭ അനുഷ്ഠിച്ചുവന്നിരുന്ന ആചാരങ്ങളും, അനുഷ്ഠാനങ്ങളും ആവശ്യമില്ലെന്നും അതു 'വിശ്വാസത്താൽ' നേടേണ്ടതാണെന്നും താൻ വിശ്വസിച്ചു. രക്ഷ വിശ്വാസത്താൽ (Salvation by faith), നീതീകരണം വിശ്വാസത്താൽ (Justification by faith) എന്നിവയിലാണ് തന്റെ പ്രമാണങ്ങൾ അടിസ്ഥാനപ്പെട്ടിരിക്കുന്നത്. കൂടാതെ തിരുവെഴുത്തു മാത്രം (Sola scriptura), വിശ്വാസം മാത്രം (Sola fide) കൃപ മാത്രം (Sols gratia)

എന്നീ ആശയങ്ങളിൽ ഊന്നൽ കല്പിച്ചിരുന്നു.

ഇവിടെ യാക്കോബ് അപ്പോസ്തലൻ രക്ഷ പ്രവൃത്തിയാലാണെന്നു വാദിക്കുന്നില്ല; മറിച്ച് രക്ഷ പ്രാപിച്ച വ്യക്തി തന്റെ രക്ഷയെ പ്രവൃത്തിയിലൂടെ കാണിച്ചുകൊടുക്കണമെന്നാണ് വിവക്ഷിക്കുന്നത്. ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ 'വിശ്വാസവും പ്രവൃത്തിയും' ഒന്നിച്ചു പോകണമെന്നാണ് യാക്കോബ് അർത്ഥമാക്കിയിരിക്കുന്നത്. 'പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണെന്ന്' പറയുന്നതിന്റെ പക്ഷമതാണ്. അല്ലാതെ, രക്ഷ പ്രവൃത്തിയാൽ സാദ്ധ്യമാക്കാമെന്നല്ല. ലൂഥർ ഈ ചിന്തയെ തെറ്റിദ്ധരിച്ചു മനസിലാക്കിയതാണ്.

പൗലോസപ്പോസ്തലൻ ക്രിസ്തുയേശുവിലൂടെ ലഭ്യമാക്കിയ രക്ഷയെ വിശ്വാസത്താൽ പ്രാപിക്കേണമെന്ന പരമസത്യത്തെ ആവർത്തിച്ചു രേഖപ്പെടുത്തുകയാണ്.

ദൈവത്തിനുമാത്രം അവകാശപ്പെട്ട രക്ഷയുടെ പ്രശംസ മറ്റൊരു മൂലസ്ഥാനത്തേക്ക് ഒഴുകി മാറുന്നത് ദൈവത്തോട് കാണിക്കുന്ന അപരാധമാണ്. കർത്താവ് നമ്മുടെ രക്ഷയ്ക്കായി നല്കിയ വേദനയുടെ വില അറിയാത്തവരാണ് രക്ഷയുടെ പ്രശംസയെ തട്ടിയെടുക്കുന്നത്. അതു ക്രിസ്തുവിന് വലിയ ഭാരമുളവാക്കുന്നു.

വാക്യം 10. നാം ദൈവത്തിന്റെ കൈപ്പണി (workmanship) 'കൈപ്പണി'-യവനായ വാക്ക് 'പൊയ്മാ' എന്നാണ്. ദൈവത്തിന്റെ മഹത്വപൂർണ്ണമായ കൃപയുടെ പ്രകടനമാണിവിടെ കാണുന്നത്. ദൈവം നമ്മിലൂടെ ആ കൃപയുടെ മഹത്വം വെളിപ്പെടുത്തുവാൻ നാം എത്രത്തോളം താഴ്മയുള്ളവർ ആയിരിക്കണം.

ദൈവം നമ്മെ രക്ഷിച്ചതിന്റെ ഉദ്ദേശം (2:10).

സൽപ്രവൃത്തികൾക്കായിട്ട് (2:10b)

വാക്യം 2:9ൽ വിശദീകരിച്ചിരിക്കുന്ന 'വിശ്വാസവും, പ്രവർത്തിയും' എന്ന ചിന്താധാരയാണ് ഇവിടത്തെ പ്രമേയം. ഒരു വിശ്വാസി സൽപ്രവൃത്തികളുടെ വിളനിലമായിരിക്കണം.

ദൈവം നമ്മെ സൃഷ്ടിച്ചു; നമ്മെ അവന്റെ കൈപ്പണിയാക്കിയത് നമ്മെ വീണ്ടെടുത്തതിലൂടെ പുതുസൃഷ്ടിയാക്കിയതിനെയാണ് സൂചിപ്പിക്കുന്നത്. നാം രക്ഷിക്കപ്പെട്ടത് നന്മ പ്രവൃത്തികളാലല്ല. എന്നാൽ, നാം രക്ഷിക്കപ്പെട്ടതിനാൽ, പുതുസൃഷ്ടിയാക്കപ്പെട്ടതിനാൽ നാം പ്രവൃത്തി ചെയ്യണം. അതൊരു ദൈവപൈതലിന്റെ കടമയാണ്, 'മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുന്നത്' പുതുജീവന് അനിവാര്യമാണ് (മത്താ.3:8). പുതുസൃഷ്ടിയാക്കപ്പെട്ട വ്യക്തി നന്മ പ്രവൃത്തി ചെയ്യാതെയും, സൽഫലം പുറപ്പെടുവിക്കാതെയുമിരുന്നാൽ സൃഷ്ടാവിന് അത് അപമാനമായിരിക്കും.

നാം പുതുസൃഷ്ടിയാക്കപ്പെട്ടത് സൽപ്രവൃത്തിക്കായിട്ടാണ്.

നാം ചെയ്തു പോരേണ്ടതിന്: നാം തുടർമാനമായി ചെയ്യേണ്ട കർമ്മമാണിത്. ഇതു വർത്തമാനകാലത്തു തുടർന്നുകൊണ്ടിരിക്കുന്ന ക്രിയയാണ്. (തുടരും...)

# ലേഖനം



പാസ്റ്റർ ഷൈജു ഡാനിയേൽ അടൂർ

# തലമേൽ കയറി ഓടുമാറാക്കി!!

ശത്രുവുമായി രണാങ്കണത്തിൽ നടക്കുന്ന ഏറ്റുമുട്ടലിൽ ഒടുവിൽ പരാജയം സംഭവിക്കുന്ന ഒരു ഘട്ടമെത്തുമ്പോൾ ആയുധങ്ങൾ എല്ലാം താഴെ വച്ചിട്ട് നിലത്തുകിടക്കും...ശത്രുക്കൾ തലയിലൂടെ ചവിട്ടിക്കയറി ഓടും....നമ്മുടെ തലമേൽ കയറി ഓടുന്ന ചില കാലങ്ങൾ ദൈവം എല്ലാ ഭക്തർക്കും അനുവദിക്കും...."നീ മനുഷ്യരെ ഞങ്ങളുടെ തലമേൽ കയറി ഓടുമാറാക്കി..."(സങ്കീർത്തനം 66:12)... ഇവിടെ ദൈവമാണ് തലമേൽ കയറി ഓടുവാൻ അനുവദിച്ചത്.

മനുഷ്യർ തലമേൽ കയറി ഓടുന്ന, തീയിലും വെള്ളത്തിലും കൂടി കടക്കുന്ന കാലം കഴിയുമ്പോൾ നാം പ്രവേശിക്കുന്നത് സമൃദ്ധിയിലേക്കായിരിക്കും (സങ്കീർത്തനം 66:12).

യോസേഫ് ഒരു സ്വപ്നം കണ്ടു വത്രേ...

പത്തുപേർ സംഘം ചേർന്ന് യോസേഫ് എന്ന ചെറുപ്പക്കാരന്റെ തലമേൽ കയറി ഓടുവാൻ പതിമൂന്നോളം കൊല്ലങ്ങൾ ദൈവം അനുവദിച്ചു... കേവലം സ്വപ്നം കാണുന്നവർക്ക് ദുരിതങ്ങൾ ഒന്നുമില്ല...നാമൊക്കെ എത്രയെത്ര സ്വപ്നങ്ങൾ കാണുന്നു. ആ സ്വപ്നങ്ങൾ ഒന്നും തന്നെ നമ്മെ വ്യഥയിൽ ആക്കുന്നില്ല...പക്ഷെ ദൈവം നമ്മെ കാണിക്കുന്ന സ്വപ്നങ്ങൾ ഉണ്ട്.. അവ കേവലം വ്യർത്ഥ സ്വപ്നങ്ങൾ അല്ല, അവയ്ക്കൊരു സാക്ഷാത്ക്കരണ കാലമുണ്ട്. എന്നാൽ അവയുടെ സഞ്ചാരപാത കല്ലുകളും മുള്ളുകളും നിറഞ്ഞതായിരിക്കും...

ചില മുറിവുകൾ..അപ്രതീക്ഷിത ഇടങ്ങളിൽ നിന്നുമുള്ള കൈപ്പുകൾ...സംഘം ചേർന്നുള്ള ഒറ്റപ്പെടുത്തലുകൾ....കരുതുമെന്ന് കരുതിയവരുടെ കൈകഴുകൽ...ഇങ്ങനെ ചില ഇടങ്ങളിലൂടെ ദൈവം നമുക്ക് യാത്രകൾ അനുവദിക്കും...പക്ഷേ ഈ യാത്രകളിലെ കനൽ പടവുകൾ കണ്ണീരോടുകൂടി കയറി



നാം എത്തുന്നത് നമ്മുടെമേൽ ഉള്ള ദൈവീക സ്വപ്നങ്ങളുടെ നിവർത്തികളിലേക്കായിരിക്കും. ദൈവത്തിന്റെ സ്വപ്നവാഹകർക്ക് എന്നും കനത്ത പോരാട്ടങ്ങൾ ഉണ്ട്... പക്ഷെ ദൈവത്തിന്റെ സ്വപ്നവാഹകർക്ക് ശുഭകരമായ ഒരു പര്യവസാനവും ഉണ്ട്.

ദൈവത്തിന്റെ സ്വപ്നങ്ങൾ സ്വീകരിക്കുക എന്നാൽ മനുഷ്യർ തലമേൽ കയറി ഓടുന്ന ഒരു താല്ക്കാലിക കാലത്തിലേക്ക് നമ്മെ ഏൽപ്പിക്കുക എന്നതാണ്. കുറിക്കപ്പെട്ട കാലം കനൽ വഴികളിലൂടെ സഞ്ചരിക്കുവാൻ സ്വയം വിധേയനാക്കുക എന്നതാണ്. പൊട്ടക്കിണറ്റിലേക്ക് വീഴുവാനും വിൽപ്പന വസ്തുവായി തീരുവാനും കാരാഗ്രഹവാസം വരിക്കുവാനും സ്വയം തയ്യാറാകുക എന്നതാണ്...എന്നാൽ തീയിലും വെള്ളത്തിലും കൂടി സഞ്ചരിച്ചു നാം കയറിവരുന്നത് ദൈവീക സമൃദ്ധിയിലേക്കായിരിക്കും.

തലമേൽ കയറി ഓടുവാൻ ഒരു ചെറു സംഘവും ഇരുളുനിറഞ്ഞ ഒരു പൊട്ടക്കിണറും വെളിച്ചമില്ലാത്ത ഒരു കാരാഗ്രഹവും അപവാദ പ്രചരണങ്ങൾക്കായി പേരറിയാത്ത ഒരു പൊത്തിഫേറിന്റെ ഭാര്യയും ദൈവീക സ്വപ്നങ്ങളോടൊപ്പം സഞ്ചരിക്കുവാൻ അതിന്റെ നിവർത്തീകരണകാലം വരെ ദൈവം അനുവദിക്കും... പക്ഷെ ഒടുവിൽ, "നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിന് അതിനെ ഗുണമാക്കി തീർത്തു" (ഉല്പത്തി 50:20) എന്ന് തലമേൽ കയറി ഓടിയവരുടെ മുമ്പിൽ പ്രഖ്യാപിക്കുന്ന ഒരു രണ്ടാം ഘട്ടം കൂടിയുണ്ട്.

# ഉന്നതവിജയം നേടി



**മാള:** രാജീവ് ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ബി. എസ്. സി കാർഡിയാക് പെർഫ്യൂഷൻ ടെക്നോളജിയിൽ രേഷ്മ ജോൺസന് നാലാം റാങ്ക് ലഭിച്ചു. മാള അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമായ കളത്തിൽ കെ. ജെ. ജോൺസന്റെയും ഡെയ്സി ജോൺസന്റെയും മകളും ശ്രീകണ്ഠാപുരം മലയത്താഴത്ത് നിതിൻ ലാലുവിന്റെ ഭാര്യയുമാണ് രേഷ്മ ജോൺസൺ.

# പ്രകാശനം ചെയ്തു

**മാവേലിക്കര:** പാസ്റ്റർ ഏബ്രഹാം മന്ദമരുതി രചിച്ച 'ആകാശപ്പറവകൾ' എന്ന ഗ്രന്ഥം ശാരോൻ ഫെലോഷിപ്പ് ചർച്ച് അന്തർദേശീയ പ്രസിഡന്റ് റവ.ജോൺ തോമസ് ഓഫീസ് സെക്രട്ടറി റ്റി.ഒ.പൊടിക്കുഞ്ഞിനു നൽകി പ്രകാശനം ചെയ്തു. മാവേലിക്കര ഐ.ഇ.എം.നഗറിൽ ആരംഭിച്ച സൺഡേസ്കൂൾ നാഷണൽ ക്യാമ്പ് ഉൽഘാടന സമ്മേളനത്തിൽ വെച്ചാണ് പ്രകാശന കർമ്മം നിർവഹിച്ചത്. മനസിനെ തൊട്ടുണർത്തുന്ന 15 കഥകളുടെ സമാഹാരമാണ് 'ആകാശപ്പറവകൾ'. പ്രായഭേദമെന്യേ ഏവർക്കും ഒരുപോലെ പ്രയോജനപ്രദമാണ് ഈ വിശിഷ്ട ഗ്രന്ഥം.



ലേഖനം

# ലോകത്തെ നിയന്ത്രിക്കുന്ന നിർമ്മിത ബുദ്ധി



ഷൈജു തോമസ്
ഞാറയ്ക്കൽ



ടെക് ലോകത്ത് ജനപ്രിയതയുടെ അതിപ്രസരം സൃഷ്ടിച്ച് മുന്നോട്ടേക്ക് കുതിക്കുകയാണ് ചാറ്റ് ജി.പി.ടി. ഗവേഷണ വാർത്താ തലക്കെട്ടുകളായി മാത്രം ചുരുങ്ങിയിരുന്ന നിർമ്മിത ബുദ്ധി എന്ന ആശയം ഇപ്പോൾ വമ്പൻ സാങ്കേതിക വിപ്ലവങ്ങളുടെ ദത്തെടുക്കൽ നിരക്കിനെ തോല്പിച്ചിരിക്കുന്നു. എന്താണ് ചാറ്റ് ജി പി ടി എന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചു പ്രവർത്തിക്കുന്ന ഒരു ചാറ്റ് ബോട്ടാണ്. നമ്മൾ ചോദിക്കുന്ന ഏത് ചോദ്യങ്ങൾക്കും നിർമ്മിത ബുദ്ധിയുടെ സഹായത്താടെ ഉത്തരം നൽകുന്ന സംവിധാനമാണിത്. ചോദ്യങ്ങൾക്ക് മനുഷ്യൻ ഉത്തരം നൽകുന്നതുപോലെ ഉത്തരം നല്കും. ലഭിച്ച ഉത്തരങ്ങൾക്കു മീതെ അനുബന്ധ ചോദ്യങ്ങൾ ചോദിച്ചാൽ അവയ്ക്കും ഉത്തരം നൽകാൻ ഇവയ്ക്ക് സാധിക്കും. ഓപ്പൺ എ.ഐ എന്ന കമ്പനിയാണ് ഇതിന് പിന്നിൽ. എന്നാൽ ഇതിന് മുന്നമെ നടന്നു പോയ ഒരു പാട് നിർമ്മിത ബുദ്ധി ചാറ്റ് റോബോട്ടുകൾ ഉണ്ട്. ആദ്യത്തെ ചാറ്റ്ബോട്ട് ആയി അംഗീകരിക്കപ്പെട്ട നിർമ്മിത ബുദ്ധി സംവിധാനമാണ് എലിസ. 1960-കളുടെ മധ്യത്തിൽ എം.ഐ.ടി ആർട്ടിഫിഷ്യൽ ലബോറട്ടറിയിൽ വെച്ച് ജർമ്മൻ-അമേരിക്കൻ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനായ ജോസഫ് വിസെൻബോം ആണ് ഇത് തയ്യാറാക്കിയത്. ചാറ്റ് ജി.പി.ടിക്ക് ഏകദേശം നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് ആപ്പിളിന്റെ ആദ്യകാല കമ്പ്യൂട്ടറുകളിലൊന്നിൽ പ്രോഗാം ചെയ്ത ചാറ്റ് ബോട്ട് ആണ് റാക്ടർ. ഇംഗ്ലീഷ് ഗദ്യം രചിക്കുന്നതിനായുള്ള മൈൻഡ്സ്കേപ്പ് ആണ് റാക്ടർ വികസിപ്പിച്ചെടുത്തത്. ജാബർവാക്കി എന്ന് ചാറ്റ് ബോട്ട് ബ്രിട്ടീഷുകാരനായ റോളോ കാർപെന്റർ ആണ് അവതരിപ്പിക്കുന്നത്. ഈ ചാറ്റ് ബോട്ട് മുൻകാലങ്ങളിൽ നിർമ്മിച്ച നിർമ്മിത ബുദ്ധി ആപ്പുകളിൽ നിന്ന് വ്യത്യസ്തമായിരുന്നു. വിനോദത്തിനായി മാത്രം സൃഷ്ടിച്ച ഈ ചാറ്റ്ബോട്ട് മനുഷ്യരുമായുള്ള സംഭാഷണങ്ങളിൽ ഒരു വ്യത്യസ്തത കാത്തുസൂക്ഷിച്ചിരുന്നു. ക്ലിപ്പി ഒരു ചാറ്റ്ബോട്ട് ആല്ല. മൈക്രോസോഫ്റ്റ് അതിന്റെ ഓഫീസിനായി അവതരിപ്പിച്ച ഒരു ഇന്റലിജന്റ് യൂസർ ഇന്റർഫേസായിരുന്നു. വിൻഡോസ് 97-നുള്ള മൈക്രോസോഫ്റ്റ് ഓഫീസിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ചില കാരണങ്ങളാൽ 2004 പതിപ്പിന് ശേഷം ഇത് നിർത്തലാക്കി. വിവിധ മൈക്രോസോഫ്റ്റ് ഓഫീസ് ഫീച്ചറുകൾ അറിയാൻ ഉപയോക്താക്കളെ സഹായിക്കുന്നതിന് ഒരു ഇന്ററാക്ടീവ് ആനിമേറ്റഡ് പ്രതീകം വഴിയാണ് ഇത് പ്രവർത്തിച്ചത്. ഒരാൾക്ക് ആവശ്യമായത് ടൈപ്പ് ചെയ്താൽ ക്ലിപ്പി അത് സ്ക്രീനിൽ ലഭ്യമാക്കുന്ന രീതിയിലായിരുന്നു ഇതിന്റെ പ്രവർത്തനം.1990-കളുടെ അവസാനത്തിൽ ഏറ്റവും പ്രചാരമുള്ള ചാറ്റ് ബോട്ടുകളിൽ ഒന്നായിരുന്നു അൽബർട്ട് വൺ. ഈ ചാറ്റ് ബോട്ട്, ആർട്ടിസ്റ്റും പ്രോഗ്രാമറുമായ റോബി ഗാർഡ്നർ മനുഷ്യസംഭാഷണങ്ങൾ അനുകരിക്കാൻ വികസിപ്പിച്ചെടുത്തതാണ്.അൾട്ര ഹാൽ അസിസ്റ്റന്റ് എന്നാൽ പേഴ്സണൽ അസിസ്റ്റന്റ് ആവശ്യത്തിനായി നിർമ്മിച്ച ചാറ്റ് ബോട്ട് ആണ്. 2000-ൽ യു.എസ് ആസ്ഥാനമായുള്ള സോഫ്റ്റ്വെയർ കമ്പനിയാണ് ഈ ചാറ്റ് ബോട്ട് വികസിപ്പിച്ചെടുത്തത്. ആർടിഫിഷ്യൽ ലിങ്കിസ്റ്റിക്സ് ഇന്റർനെറ്റ് കമ്പ്യൂട്ടർ എന്റിറ്റി ഇത് സ്വാഭാവികമായി ഭാഷ പ്രോസസ്സ് ചെയ്യുന്ന ഒരു ചാറ്റ്ബോട്ടാണ്. അമേരിക്കൻ ശാസ്ത്രജ്ഞനായ റിച്ചാർഡ് വാലസ് 2001-ൽ അവതരിപ്പിച്ച ഇത് സ്വയം പഠിക്കാനുള്ള ഒരു സംവിധാനം എന്ന രീതി ഉപയോഗിച്ചാണ് മനുഷ്യരുമായി ഇടപഴകുന്നത്.2001-ൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗിൽ മൂന്ന് പ്രോഗ്രാമർമാരാണ് ഈ ചാറ്റ്ബോട്ട് വികസിപ്പിച്ചെടുത്തത്. ഗൂസ്റ്റ്മാന് ഏതാണ്ട് മനുഷ്യരുമായി സാമ്യമുള്ള സംഭാഷണങ്ങൾ നടത്താൻ കഴിയും എന്ന് അവകാശപ്പെട്ടിരുന്നു.2002-ൽ വികസിപ്പിച്ചെടുത്ത ഈ ചാറ്റ് ബോട്ട് രസകരമായ സംഭാഷണം നടത്തുന്നു. ഉപയോക്താക്കൾ സ്ക്രീനിൽ നിർദ്ദേശങ്ങൾ നൽകിയാണ് ഇതിന്റെ പ്രവർത്തനം.മുകളിൽപ്പറഞ്ഞവ കഴിഞ്ഞ വർഷങ്ങളിൽ വ്യാപകമായി അറിയപ്പെടുന്ന ചില ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആപ്പുകളായിരുന്നു. ഇതിനപ്പുറത്തേക്ക് ആളുകൾ ഉപയോഗിച്ച നിരവധി ചാറ്റ്ബോട്ടുകളും ലോകത്ത് ഉണ്ടായിട്ടുണ്ട്.

ഇപ്പോൾ ടെക് ലോകത്തിന് ലഭിച്ച ചാറ്റ് ജി പി ടി ഇലോൺ മസ്കും സാം ആൾട്ട്മാനും ഉൾപ്പെടെയുള്ള പ്രമുഖ സംരംഭകരും ശാസ്ത്രജ്ഞരും മൈക്രോ സോഫ്ടും ചേർന്ന സംയുക്ത കൂട്ടായ്മയിൽ നിന്നാണ് ജി.പി.ടി (Generative Pret-rained Transformer) എന്ന ടെക്നോളജിയുടെ ഉത്ഭവം. 2022 നവംബറിൽ ജി.പി.ടി ടെക്നോളജിയുടെ മൂന്നാം പതിപ്പായ ജി.പി.ടി 3നെ അടിസ്ഥാനമാക്കി പുറത്തിറക്കിയ ചാറ്റ് ജി.പി.ടി പുതിയ സാദ്ധ്യതകളും അതോടൊപ്പം ആശങ്കകളുമാണ് മുന്നോട്ട് വയ്ക്കുന്നത്. കാരണം ദൈനംദിന ജീവിതത്തിലെ ചെറിയ സംശയങ്ങൾ മുതൽ ക്വാണ്ടം ഫിസിക്സും റോക്കറ്റ് ശാസ്ത്രവും വരെയുള്ള വിഷയങ്ങളിൽ ചാറ്റ് ജി.പി.ടി ഉത്തരം നൽകി. ഗവേഷണ പ്രബന്ധങ്ങൾ, ലേഖനങ്ങൾ, കവിതകൾ, മാർക്കറ്റിങ് പ്ലാനുകൾ, കംപ്യൂട്ടർ പ്രോഗ്രാമുകൾ ഉൾപ്പെടെ മനുഷ്യന് വേണ്ട ഭാഷാവിഭവങ്ങളെല്ലാം ചാറ്റ് ജി.പി.ടി നൽകി.ചാറ്റ് ജി.പി.ടി മൾട്ടിമോഡലാണ് ഇനിവരാൻ പോകുന്നത്. നിലവിൽ ചാറ്റ് ജി.പി.ടി നൽകുന്ന മറുപടികൾ പദങ്ങളാണ്. അടുത്ത ഘട്ടമായ മൾട്ടിമോഡലിൽ പദങ്ങൾക്ക് പുറമേ ചിത്രങ്ങളും വിഡിയോയും ശബ്ദവും എല്ലാമുള്ള വലിയ ലോകം തന്നെ സൃഷ്ടിക്കാനാണ് ഒരുങ്ങുന്നത്. ഇംഗ്ലീഷല്ലാത്ത ഭാഷകളിൽ ഇപ്പോൾ വേഗതക്കുറവുണ്ട്. അതും പരിഹരിച്ച് വിവിധ ഭാഷകളിൽ ഈ സംവിധാനം കാര്യക്ഷമമാക്കുന്നതും ഇതിന്റെ നിർമ്മിതാക്കളുടെ പ്രധാന പരിഗണനയിലാണ്. ഇതിൽ ശാസ്ത്രലോകം കടുത്ത ആശങ്കയിലാണ് ഇപ്പോൾ വികസിപ്പിക്കുന്ന എ.ഐ സംവിധാനങ്ങൾ മനുഷ്യരാശിക്കുതന്നെ കടുത്ത ഭീഷണിയാകുമെന്ന വാദം. ഇതിന്റെ അനന്ത സാധ്യതകളിലേക്ക് മുന്നേറുന്നതിന് മുന്നമെ എന്ത് ഭിഷണിയാണ് മനുഷ്യരാശിക്ക് ഉയർത്തുന്നതെന്നു പഠിക്കാനും, വേണ്ട സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാനും സാവകാശം വേണമെന്ന് ഒരു കൂട്ടം ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നു. വ്യാജ വാർത്തകൾ പ്രചരിപ്പിക്കാനും, ഭരണ സംവിധാനങ്ങളെ അട്ടിമറിക്കാനും, പ്രധാന വിവരങ്ങൾ ഹാക്ക് ചെയ്യാനുമെല്ലാം നിർമിത ബുദ്ധിയെ ഉപയോഗപ്പെടുത്താം. ഏത് വ്യക്തികളെയും ഉൾപ്പെടുത്തി വ്യാജ വിഡിയോ നിർമിക്കാനും പുതിയ സാങ്കേതിക വിദ്യ വന്നാൽ എളുപ്പമാണ്. ലോകത്തിലെ ഏറ്റവും മികച്ച ചെസ് താരത്തേയും പോക്കിമോൻ ഗോ കളിക്കാരെയും തോൽപിച്ച നിർമിത ബുദ്ധിക്ക് മനുഷ്യ ബുദ്ധിയേയും കവച്ചുവയ്ക്കാനും തീരുമാനങ്ങളെടുക്കാനും സാധിക്കില്ലേ എന്ന ചോദ്യം സജീവമായി ഉയരുന്നുണ്ട്. സ്വയം വിനാശകരമായേക്കാവുന്ന മനുഷ്യന്റെ കണ്ടുപിടുത്തങ്ങളിൽ നിർമിത ബുദ്ധി താരതമ്യം ചെയ്യപ്പെടുന്നത് ആണവായുധങ്ങളുമായാണ് പ്രകൃതിയെ തിരിച്ചുവരാനാവാത്തവിധം മാറ്റാനുള്ള ഇത്തരം ആയുധങ്ങളുടെ ശേഷിയാണ് ഏറ്റവും മാരകമായി ഇവയെ വിലയിരുത്തപ്പെടുന്നതിന് പിന്നിൽ സമാനമായി തിരിച്ചുവരാനാകാത്ത വിധം യന്ത്രങ്ങളുടെ മേൽക്കോയ്മയിലേക്ക് നിർമിത ബുദ്ധിയിലുള്ള പരീക്ഷണങ്ങളെ മനുഷ്യരെ എത്തിക്കുമോ എന്ന് പേടിക്കുന്നവരും കുറവല്ല. ഇങ്ങനെ എല്ലാം നവീനമായ കണ്ടുപിടിത്തങ്ങൾ ലോകത്തിൽ ഉണ്ടായെ മതിയാവു കാരണം വേദപുസ്തക പ്രവചനങ്ങളുടെ നിവൃത്തികരണമാണ് ഇതിലൂടെ സംഭവിക്കുന്നത്.

# യുവജനങ്ങൾക്ക് ആവേശമായി മാറിയ ഒറീസ്സ പി.വൈ.പി.എ ക്യാമ്പ്



**റായിഗഡ:** ഒരിക്കലും മറക്കാനാവാത്ത ആത്മീയ അനുഭവങ്ങൾ സമ്മാനിച്ച മൂന്നു ദിനരാത്രങ്ങൾ. പങ്കെടുത്ത യുവജങ്ങൾക്കു പുത്തൻ ദിശബോധവും ദർശനവും നൽകിയ ഒറീസ്സാ പി വൈ പി എ യുടെ ചുമതലയിൽ റായിഗഡ ജില്ലയിലുള്ള പെന്തക്കോസ്ത് ചർച്ചിൽ നടന്ന പി.വൈ.പി.എ. യുത്ത് ക്യാമ്പ് വേറിട്ട അനുഭവങ്ങൾ സമ്മാനിച്ചു. ഒറിസ്സ ഐ.പി.സി. യുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന പാസ്റ്റർ ഡോൺ കുരുവിള പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്ത മീറ്റിങ്ങുകളിൽ പാസ്റ്റർമാരായ മോനിസ് ജോർജ് (യു.എസ്.എ), ഫിന്നി ശാമുവേൽ (റാഞ്ചി) എന്നിവർ മുഖ്യ പ്രഭാഷകരായിരുന്നു. തദ്ദേശിയരായ ചെറുപ്പക്കാർ മുന്നു ദിവസവും സജീവമായി ആവേശത്തോടെ പങ്കെടുത്തു.

ഒറിസ്സയുടെ ഗ്രാമങ്ങളിൽ സുവിശേഷത്തിന്റെ സന്ദേശം എത്തിക്കുവാൻ തദ്ദേശീയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ക്യാമ്പിന്റെ പ്രഥമലക്ഷ്യം. ‘ബാല്യത്തിലേ നുകം ചുമക്കുന്നത് ഒരു പുരുഷന് നല്ലത്‘വിലാപങ്ങൾ 3:27എന്നതായിരുന്നു ക്യാമ്പിന്റെ ചിന്താവിഷയം. പാസ്റ്റർ മോനിസ് ജോർജ് ആത്മനിയോഗത്തോടെ വചനം സംസാരിക്കുകയും യുവാക്കളെ പ്രാർത്ഥിച്ച് അനുഗ്രഹിക്കുകയും ചെയ്തു. സ്വതസിദ്ധമായ ശൈലി കൊണ്ടും ആഴമേറിയ വചന ചിന്തകൾ കൊണ്ടും ഫിന്നി ശാമുവേൽ എന്ന യുവ പ്രഭാഷകൻ ദൈവത്താൽ ഉപയോഗിക്കപ്പെട്ടത് ക്യാമ്പിനെ തികച്ചും സമ്പുഷ്ടമാക്കി.

ഒറിസ്സക്കാരായ ധാരാളം ദൈവദാസന്മാർ കുടുംബ സമേതം മീറ്റിംങ്ങുകളിൽ പങ്കെടുത്തു. ഗ്രുപ്പ് ചർച്ചകൾ, ബൈബിൾ ക്ലാസ്സുകൾ, ഗെയിമുകൾ അനുഭവ സാക്ഷ്യങ്ങൾ, മെസ്സേജുകൾ, ആരാധന തുടങ്ങിയ പ്രോഗ്രാമുകൾ ക്യാമ്പിനെ സജീവമാക്കി.

പി.വൈ.പി.എ. പ്രസിഡന്റ് പാ. ജോൺസി മാത്യു ചിന്താവിഷയം അവതരിപ്പിച്ചു. പ്രഭാഷണങ്ങൾ പലതും ഒഡിയ ഭാഷയിലേക്ക് പരിഭാഷ നിർവ്വഹിച്ചതും അദ്ദേഹമായിരുന്നു. ഗ്രൂപ്പ് ചർച്ചകളിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്തത് എടുത്തു പറയേണ്ടതാണ്.

പാസ്റ്റർമാരായ ബിജു എം .മാത്യു, ജോൺസി മാത്യു തുടങ്ങിയവരുടെ നിസ്വാർത്ഥമായ സേവനം ക്യാമ്പിന്റെ വിജയത്തിന് പങ്കു വഹിച്ചു.

പാസ്റ്റർ ഡോൺ കുരുവിളയുടെ പിതാവിനാൽ സ്ഥാപിതമായ പെന്തക്കോസ്ത് ചർച്ചും സഭാ ശുശ്രുഷകനും കുടുംബവും ക്യാമ്പിന് നൽകിയ പിന്തുണയും എടുത്തു പറയേണ്ടതാണ്.

രുചികരവും വിഭവസമൃദ്ധവുമായ ആഹാരം തദ്ദേശീയ രീതിയിൽ ക്യാമ്പ്സൈറ്റിൽ വെച്ച് തന്നെ പാചകം ചെയ്ത് നൽകിയതും പരക്കെ പ്രശംസിക്കപ്പെട്ടു.ക്യാമ്പ് സെൻററിൽ നിന്ന് ഒരു കിലോമീറ്റർ അകലെ മനോഹരമായ താമസ സൗകര്യം ക്രമീകരിച്ചിരുന്നു. എല്ലാ കാര്യങ്ങൾക്കും വേണ്ടതായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പാസ്റ്റർ ഡോൺ കുരുവിള ഒപ്പമുണ്ടായിരുന്നു.

# കുന്നംകുളം യു പി എഫ് ഭാരവാഹികൾ



**കുന്നംകുളം:** കുന്നംകുളത്തെയും പരിസരപ്രദേശങ്ങളിലേയും പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ കുന്നംകുളം യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പ് (യു പി എഫിന്) 2023-24 പ്രവർത്തന വർഷത്തിലേക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. കുന്നംകുളം ലിവ ടവർ ഓഡിറ്റോറിയത്തിൽ നടന്ന ജനറൽബോഡിയിൽ ആണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

സീനിയർ പാസ്റ്റേഴ്സ് ഫോറം: പാസ്റ്റർ കെ പി ബേബി, പാസ്റ്റർ ലാസർ മുട്ടത്ത്, പാസ്റ്റർ സി യു ജെയിംസ്, പാസ്റ്റർ സാമുവൽ പോൾ, ജനറൽ പ്രസിഡന്റ്: പാസ്റ്റർ ലിബിനി ചുമ്മാർ, വൈസ് പ്രസിഡന്റുമാർ: പാസ്റ്റർ സന്തോഷ് മാത്യു, പാസ്റ്റർ കെ കെ കുര്യാക്കോസ്, ജനറൽ സെക്രട്ടറി: ഷിജു പനക്കൽ, സെക്രട്ടറി: ജോബിഷ് ചൊവ്വല്ലൂർ, ട്രഷറർ: പി ആർ ഡെന്നി, പബ്ലിസിറ്റി കൺവീനർ: റ്റിജിൻ ജോൺ കൂടാതെ മറ്റുഭാരവാഹികളെയും തെരഞ്ഞെടുത്തു.

# വിവാഹ സഹായവിതരണം



**റാന്നി:** അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ചാരിറ്റി ഡിപ്പാർട്ട്മെന്റ് നേതൃത്വത്തിൽ ഈ വർഷത്തെ 15-ാമത്തെ വിവാഹ സഹായവിതരണം എ.ജി. റാന്നി ഈസ്റ്റ് സെക്ഷനിലുള്ള ഇടമുറി ചർച്ചിൽ ഏപ്രിൽ 24നു നടന്നു. സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ ജയപ്രകാശിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചാരിറ്റി കൺവീനർ പാസ്റ്റർ ബിജി ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി സഹായം കൈമാറി.

സെക്ഷൻ സെക്രട്ടറി പാസ്റ്റർ ഷിനു വി സാമുവേൽ സ്വാഗതം പറഞ്ഞു. ചാരിറ്റി ഡിപ്പാർട്ട്മെൻറ് ട്രഷറർ ബാബു തോമസ് അടുത്ത മൂന്ന് മാസങ്ങളിൽ വിതരണം ചെയ്യുന്ന സഹായങ്ങളെ പറ്റി വിവരണം നടത്തി. പാസ്റ്റർമാരായ എബ്രഹാം വർഗീസ്, പി സി ചെറിയാൻ, സിബു പാപ്പച്ചൻ, ബിനു കെ എബ്രഹാം തുടങ്ങിയവർ ആശംസ പ്രസംഗം നടത്തി. പാസ്റ്റർ ജോസഫ് കുഞ്ചെറിയ നന്ദി പ്രകാശിപ്പിച്ചു.

# 01 ഇനി നോർത്ത് അമേരിക്കൻ...

തര്യൻ (ലേഡീസ് കോ-ഓർഡിനേറ്റർ) ആയും പ്രവർത്തിക്കുന്നു.

ഈ വർഷം ഫിലെദൽഫിയയിൽ പിസിഎൻഎകെ സമ്മേളനം നടക്കുന്നതിനാൽ ഈ വർഷം ഐപിസി കോൺഫറൻസ് നടക്കുന്നതല്ല. 2024-ൽ ബോസ്റ്റനിൽ വെച്ചാണ് കോൺഫറൻസ് ഐ.പി.സി. കോൺഫറൻസ് നടക്കുന്നത്. പാസ്റ്റർ ഡോ. തോമസ് ഇടിക്കുള (നാഷണൽ കൺവീനർ), വെസ്ലി മാത്യു (നാഷണൽ സെക്രട്ടറി), ബേബൻ തോമസ് (നാഷണൽ ട്രഷറർ), രേഷ്മ ഷിബു തോമസ് (നാഷണൽ ലേഡീസ് കോർഡിനേറ്റർ) ആയും പ്രവർത്തിക്കുന്നു.


HIGHGATE
INTERNATIONAL COLLEGE
Study in Australia
Highgate International College
Level 3, 251 Adelaide Terrace, Perth- 6000,WA Australia.
RTO No:45710, CRICOS: 03927F
Courses Offered:
Hospitality Course (2 Years)
SIT30821 Certificate III in Commercial Cookery
SIT40521 Certificate IV in Kitchen Management
SIT50422 Diploma of Hospitality Management
Business Course (2Years)
BSB50120 Diploma of Business
BSB60120 Advanced Diploma of Business
Information Technology Course (2 Years)
ICT50220 Diploma of Information Technology
ICT60220 Advanced Diploma of Information Technology
Entry Requirements
This course has the following entry requirements:
International students must:
Be at least 18 years of age.
Have an IELTS score of 5.5 or equivalent (test results must be no more than 2 years old) with 5.0 in each band
Have completed a Year 12 or equivalent high school certificate
For Admission and more Info please contact:
Highgate International College
Level 3, 251 Adelaide Terrace, Perth- 6000,WA Australia.
RTO No:45710, CRICOS: 03927F
www.hic.edu.au email: admissions@hic.edu.au,
Ph: +61 8 6383 6555


COMMERCIAL & RESIDENTIAL
Real Estate - Texas
STRIDE
JOBIN PRIYAN
GROUP
www.jpgrouprealtors.com
JOBIN JOHNSON
REAL ESTATE PROFESSIONAL
832.391.5000
BEYOND LOVE
THE M. JOHNSON FOUNDATION
7070 Knights Court
Missouri City, Texas

# ന്യൂ ലൈഫ് ബൈബിൾ കോളേജ് 35–ാമത് ബിരുദദാന സമ്മേളനം



**ബെംഗളൂരു:** ബാംഗ്ലൂർ ന്യൂ ലൈഫ് ബൈബിൾ കോളേജിന്റെ 35–ാമത് ബിരുദദാന സമ്മേളനം ഏപ്രിൽ 5 ന് ഹെണ്ണൂർ ക്രോസിന് സമീപം സ്ഥിതിചെയ്യുന്ന കോളേജിൽ നടന്നു.

93 വിദ്യാർഥികൾ ആണ് വിവിധ കോഴ്സുകളിലായി ഈ വർഷം ബിരുദം നേടിയത്. 6 വിദ്യാർഥികൾക്ക് എടിഎയുടെ അംഗീകാരമുള്ള ഡോക്ടർ ഓഫ് മിനിസ്ട്രി ബിരുദം ലഭിച്ചു. ഡോ. തോംസൺ കെ. മാത്യു മുഖ്യാതിഥിയായി ദൈവവചനം സംസാരിച്ചു. പ്രിൻസിപ്പൽ ഡോ. എബ്രഹാം മാത്യു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കോളേജ് സ്ഥാപകൻ ഡോ. ജോൺ താന്നിക്കൽ ബിരുദധാരികൾക്കായി അനുഗ്രഹ പ്രാർഥന നടത്തി.

# ഫിലദൽഫിയ യൂത്ത് മൂവ്മെന്റ് വാർഷിക ക്യാമ്പ്

**ഉദയപുർ:** ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ യുവജന സംഘടനയായ ഫിലദൽഫിയ യൂത്ത് മൂവ്മെന്റിന്റെ വാർഷിക ക്യാമ്പ് മെയ് 3 മുതൽ 5 വരെ മഹാരാഷ്ട്രയിലെ നവാപുരിൽ നടക്കും. ദൈവദാസന്മാരായ അരുൾ തോമസ്, സുരേഷ് ബാബു, പോൾ മാത്യൂസ് എന്നിവർ പ്രസംഗിക്കും. ഫിലദൽഫിയ യൂത്ത് മൂവ്മെന്റ് ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കും. 5000 ഓളം പേർ സംബന്ധിക്കുന്ന സമ്മേളനത്തിൽ വിവിധ പ്രോഗ്രാമുകളുണ്ടാവുമെന്ന് ഭാരവാഹികൾ പറഞ്ഞു.

# സെന്റർ ഭാരവാഹികൾ



**കൊല്ലം:** ഐപിസി കൊല്ലം നോർത്ത് സെന്റർ ഭാരവാഹികളായി പാസ്റ്റർ ജെയിംസ് ജോർജ്ജ് (പ്രസിഡന്റ്), പാസ്റ്റർ വർഗ്ഗീസ് എബ്രഹാം (വൈസ് പ്രസിഡന്റ്), പാസ്റ്റർ പ്രമോദ് ജോർജ്ജ് (സെക്രട്ടറി), പാസ്റ്റർ സാബു പി.എസ്സ് (ജോ. സെക്രട്ടറി), ബ്രദർ ജോസഫ് ജോർജ്ജ് (ട്രഷറാർ) എന്നിവരെയും, കമ്മിറ്റി അംഗങ്ങളായി പാസ്റ്റർമാരായ എം. വർഗ്ഗീസ്സ്, ജെ.ജോയി, സാന്റി മാത്യു, കെ.കെ.യോഹന്നാൻ, കോശി മാത്യു, ജോസ് എബ്രഹാം സഹോദരന്മാരായ വർഗ്ഗീസ് സാം, മാത്യു, സുധാകരൻ, ജോൺ എന്നിവരെയും തിരഞ്ഞെടുത്തു. കുളക്കട ശാലേം സഭയിൽ നടന്ന പൊതുയോഗത്തിൽ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജെയിംസ് ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു.

## 01 ചർച്ച് ഓഫ് ഗോഡ് കർണാടക...

സഭയുടെ ശുശ്രൂഷകനുമാണ്. ഇദ്ദേഹം ചർച്ച് ഓഫ് ഗോഡ് മുൻ സംസ്ഥാന ട്രഷറർ ആയിരുന്നു. പുനലൂർ ഇടമൺ സ്വദേശിയാണ്.

സംസ്ഥാന ട്രഷററായി തിരഞ്ഞെടുത്ത പാസ്റ്റർ പി. വി. കുര്യാക്കോസ് മൈസൂർ ചർച്ച് ഓഫ് ഗോഡ് സഭാ ശുശ്രൂഷകനും യു.പി.ജി മുൻ ഡയറക്ടറുമാണ്.

യുപിജി കോർഡിനേറ്ററായി തിരഞ്ഞെടുത്ത പാസ്റ്റർ ബേബൻ ജോസഫ് നോർത്ത് കർണാടകയിൽ പ്രവർത്തിക്കുന്ന ശുശ്രൂഷകനാണ്.

## 01 കർത്താവിന്റെ വരവും...

പ്രാപിക്കുവാൻ പ്രയാസമാണ്. ഈ ദുഷ്ടാത്മാവിന്റെ സ്വഭാവം നിങ്ങളിൽ മുളച്ചിട്ടുണ്ടോ എന്നു ശോധന ചെയ്യുക. അനുതാപത്തോടും ഏറ്റുപറച്ചിലോടുംകൂടെ വേഗത്തിൽ കർത്താവിനോട് അടുത്ത് ചെന്ന് അതിൽ നിന്നും വിടുതൽ പ്രാപിച്ചുകൊള്ളുക. 'ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ വരം നൽകും. ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നത് പോലെ തന്നെ' (വെളി 3: 21). കർത്താവിന്റെ കാഹളധ്വനി കേൾക്കുവാൻ, അവനോടുകൂടെ എടുത്തുകൊള്ളപ്പെടുവാൻ; എപ്പോഴും കർത്താവിനോട് കൂടെ ഇരിക്കുവാൻ; നമ്മുടെ കർത്താവിനോട് കൂടെ എന്നെന്നും വാഴുവാൻ സമയമായി. അതിനായി നമുക്ക് പ്രതീക്ഷയോടെ ഒരുങ്ങി കാത്തിരിക്കാം.

# രക്തദാന ക്യാമ്പ്

**യു.എ.ഇ:** പി .വൈ.പി.എ യു.എ.ഇ റീജിയനും ദുബായ് ബ്ലഡ് ഡോനെഷൻ സെന്ററുമായി ചേർന്ന് 2023 ഏപ്രിൽ 9 ഞായറാഴ്ച രാവിലെ 9.00 മണി മുതൽ 1.00 മണി വരെ ദുബായ് ഔഡ് മേത്തയിൽ ഉള്ള ഹോളി ട്രിനിറ്റി ചർച്ച് ആർ.ടി.എ കാർ പാർക്കിങ്ങിൽ വെച്ച് രക്തദാന ക്യാമ്പ് നടത്തപ്പെട്ടു. പാസ്റ്റർ ഷിബു മുണ്ടപ്ലാക്കൽ, ടോജോ തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

# വൈവാഹികം

**BJM211**
ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. B.com. 25 വയസ് 178 സെമി ഉയരം. അക്കൗണ്ടന്റ് ആയി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 9496842878, 88911910 20**

**BJM212**
ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി. MBBS. 25 വയസ് 152 സെമി ഉയരം. House surgon (Govt. Medical College Pariyaram Kannur) ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 9809897515, 9400628224**

**BJM213**
ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. MBA, 28 വയസ്. Senior Analyst, CPA Global, Noida യിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 9810244527**

**BJM214**
ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി. BCA 29 വയസ് 157 സെമി ഉയരം. Office Administration ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 9526709091, 9995845855**

**BJM215**
ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. BA & Pursuing BSW 28 വയസ് 178 സെമി ഉയരം. Bible translation (Wycliff India, Dehradun) ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 9747136176**

**BJM216**
ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി. GNM Nurse 29 വയസ് 165 സെമി ഉയരം. Staff Nurse at Amrutha Hospital ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 8547059849**

**BJM217**
സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. Graduate Chartered Accountancy (CA Inter), 29 വയസ് 166 സെമി ഉയരം. ഫിനാൻസ് മാനേജരായി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 09633332162**

**BJM218**
സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി. Physiotherapy ബിരുദം, 29 വയസ് 164 സെമി ഉയരം. ഫിസിയോതെറാപ്പിസ്റ്റായി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 9207304655**

**BJM219**
സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി. B.Tech, 28 വയസ് 168 സെമി ഉയരം. Senior Engineer in American MNC ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 9899199780, 8587836295**

**BJM220**
ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. B.Com, MBA, 33 വയസ് 5'11" ഉയരം. Customer service ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ. 9947697715, 9496925206**

ബിലീവേഴ്സ് ജേണൽ വൈവാഹികം പരസ്യ നിരക്ക് – 750 രൂപ മാത്രം.
രണ്ടുലക്കത്തിലേക്ക് 1000 രൂപ
കൂടുതൽ വിവരങ്ങൾക്ക്: വാട്സാപ്പ് നമ്പർ: 9526602670

# ഐ. പി. സി. പുനലൂർ സെന്റർ ഭാരവാഹികളെ തിരഞ്ഞെടുത്തു



**പുനലൂർ:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ പുനലൂർ സെന്റർ ഭാരവാഹികളെ തിരഞ്ഞെടുത്തു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജോസ് കെ ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ചെമ്മന്തൂർ ഐ.പി.സി കർമ്മേൽ സഭാഹാളിൽ കൂടിയ ജനറൽ ബോഡിയിൽ വെച്ചാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

പ്രസിഡന്റ് പാസ്റ്റർ ജോസ് കെ ഏബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ ഷാജി സോളമൻ, സെക്രട്ടറി പാസ്റ്റർ ബോബൻ ക്ലീറ്റസ്, ജോയിന്റ് സെക്രട്ടറി ബ്രദർ ഷിബിൻ ഗിലെയാദ്, ട്രഷറർ ബ്രദർ സി .ജി.ജോൺസൺ എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായും കമ്മറ്റി അംഗങ്ങളായി പാസ്റ്റർമാരായ കുര്യൻ മോനച്ചൻ, ബിജു പനന്തോപ്പ്, ജി.മോനച്ചൻ, ഷിബു കുരുവിള, ബിജു റ്റി ഫിലിപ്പ്, ജോൺസൺ തോമസ്, ഗീവർഗീസ് ഉണ്ണൂണ്ണി,പി.എം തോമസ് എന്നിവരെയും സഹോദരന്മാരായ സി.റ്റി തോമസ് കുട്ടി, വി.എസ് ജോർജ്കുട്ടി, അനിൽ തോമസ്, പി.റ്റി ശാമുവേൽ, ബിജു ജേക്കബ്, സി കെ ജോസ്, എ. ഐസക്ക്, തോമസ് പീറ്റർ എന്നിവരെയും സഹോദരന്മാരായ എ.ഐസക്ക് , വി.എസ്.ജോർജ്കുട്ടി എന്നിവരെ ഓഡിറ്റേഴ്സായും തിരഞ്ഞെടുത്തു. പബ്ലിസിറ്റി കൺവീനറായി പാസ്റ്റർ ജോൺസൺ തോമസിനെയും തിരഞ്ഞെടുത്തു.

# 64–ാം വയസ്സിൽ സുവി. ജോസ് സി. പി.ക്ക് റാങ്ക് തിളക്കം



**അടൂർ:** ഇന്ദിരാ ഗാന്ധി യൂണിവേഴ്സിറ്റി ബി എസ് ഡബ്ല്യൂ പരീക്ഷയിൽ 64 കാരനായ സുവിശേഷകൻ ജോസ് സി പി. ദേശീയ തലത്തിൽ ഒന്നാം റാങ്ക് നേടി ശ്രദ്ധേയനായിരിക്കുന്നു. രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് സ്വർണ മെഡൽ ഏറ്റു വാങ്ങി. ഇന്ദിര ഗാന്ധി യൂണിവേഴ്സിറ്റി ബി എസ് ഡബ്ല്യൂ കോഴ്സ് ദേശീയ തലത്തിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയാണ് സുവിശേഷകൻ ജോസ് ഒന്നാം റാങ്ക് കരസ്ഥമാക്കിയത്.

മുളക്കുഴ ചർച്ച് ഓഫ് ഗോഡ് മൗണ്ട് സിയോൻ ബൈബിൾ സെമിനാരിയിൽ നിന്ന് എംഡിവ് പഠനം പൂർത്തീകരിക്കുകയും, കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളേജിൽ നിന്ന് പി.ജി യും നേടി, ഇപ്പോൾ തമിഴ് നാട്ടിൽ ആദിവാസി ഗോത്ര വർഗ ജനങ്ങൾക്കിടയിൽ സാമൂഹ്യ പ്രവർത്തനത്തിലും ബൈബിൾ ട്രാൻസ്ലേഷൻ മിനിസ്ട്രിയിലും സജീവമായി പ്രവർത്തിക്കുന്നു.

നൂറനാട് മാമ്മൂട് ഐപിസി എബനേസർ സഭാംഗവും അടൂർ മിത്രപുരം സ്വദേശിയുമാണ് സുവിശേഷകൻ ജോസ് സി പി. ഡോക്ടർ എ പി ജെ അബ്ദുൽ കലാം മെമ്മോറിയൽ ക്യാഷ് അവാർഡും അദ്ദേഹത്തിന് ലഭിച്ചു.

ബിലീവേഴ്സ് ജേണലിലേക്ക് വാർത്തകളും ലേഖനങ്ങളും
അയയ്ക്കേണ്ട നമ്പർ: 9526602670

# നിത്യതയിൽ

**പാസ്റ്റർ കെ. വി. ഏബ്രഹാം**




**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ നോർത്തേൺ റീജിയൻ പ്രഥമ ജനറൽ സെക്രട്ടറിയും ഐ.പി.സി. ഗുജറാത്ത് സ്റ്റേറ്റ് മുൻ പ്രസിഡന്റുമായിരുന്ന പാസ്റ്റർ കെ. വി. ഏബ്രഹാം (89) നിത്യതയിൽ. പുന്തല കൊയിരേത്ത് കുടുംബാംഗമാണ്. ഭാര്യ: മറിയാമ്മ ഏബ്രഹാം സീതത്തോട് മൂഴിക്കൽ കുടുംബാംഗമാണ്. സംസ്കാരം നടത്തി.

**കെ. വി. ചാക്കോ**



**പെരുമ്പാവൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് പെരുമ്പാവൂർ സഭാ അംഗം കെ.വി. ചാക്കോ (ബാബു -73) നിത്യതയിൽ. സംസ്കാരം നടത്തി. സെൻട്രൽ എക്സൈസ് & കസ്റ്റംസ് സൂപ്രണ്ടായി ദീർഘ വർഷങ്ങൾ അഹമ്മദാബാദിൽ ജോലിയിൽ ആയിരുന്നു പരേതൻ. ഭാര്യ: ഇന്ത്യൻ ഡിഫൻസ് മുൻ ഉദ്യോഗസ്ഥ ഏലിയാമ്മ ചാക്കോ. മക്കൾ: ബിജോയ് ചാക്കോ, ബിജി, ബിൻസി.

**പി. ജി. ജോൺ (88)**



**വെൺമണി:** വെൺമണി ബഥേലിൽ പി.ജി ജോൺ (88) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ: റിട്ട. അദ്ധ്യാപിക പരേതയായ കുഞ്ഞമ്മ ജോൺ. മക്കൾ: ജീന ജോർജ്ജ്, ബീന ജോൺ, ഫേബാ പ്രസാദ് (യു.എസ്.എ) പാസ്റ്റർ സാംജി ജോൺ. മരുമക്കൾ: പാസ്റ്റർ ജോർജ്ജ് കെ.മാത്യു, പാസ്റ്റർ ജോൺ ജോർജ്ജ്, പ്രസാദ് വർഗീസ് (യു.എസ്.എ) ലിജി സാം.

**വി. എം. മാത്യൂസ്**



**പാമ്പാടി വെള്ളൂർ:** അണ്ണാടിവയൽ അശോക് നഗറിൽ പൈനുങ്കൽ വടക്കേടത്ത് വി. എം. മാത്യൂസ് (കുഞ്ഞുമോൻ -78) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ: കാരാപ്പുഴ മുല്ലാകുഴിയിൽ മോളമ്മ. മക്കൾ: അനീഷ് മാത്യു, റിജീഷ് മാത്യു. മരുമക്കൾ: മഞ്ജു, സിസി (എല്ലാവരും യുകെ).

**മാത്തൂക്കുട്ടി വർഗ്ഗീസ്**



**ഇടുക്കി:** ചർച്ച് ഓഫ് ഗോഡ് അണക്കര സഭാംഗം വാഴക്കാലയിൽ മാത്തുക്കുട്ടി വർഗ്ഗീസ് (58) നിത്യതയിൽ. സംസ്ക്കാരം നടത്തി. ഭാര്യ: ശോശാമ്മ. മക്കൾ: മനു മാത്യു, നിഷ മോൾ ബിനിൽ (ഇസ്രായേൽ) മരുമക്കൾ: ജയമോൾ, ബിനിൽ.

**പി. ജെ. ജോണി**




**കായംകുളം:** വെട്ടിയാർ താന്നിക്കുന്ന് നെടുംകണ്ടത്തിൽ ബഥാന്യയിൽ പി.ജെ.ജോണി (59) നിത്യതയിൽ. സംസ്ക്കാരം ഐപിസി കർമ്മേൽ സെമിത്തേരിയിൽ നടത്തി. ഭാര്യ: ജാസ്മിൻ ജോണി. മക്കൾ: ഡോ. ജെഫ്രി, ജെറിൻ. മരുമകൾ: ഡോ.ബ്ലെസി.

**പി. സി. ജോൺ**




**നിലമ്പൂർ:** മണക്കാല പുത്തൻവീട്ടിൽ പി സി ജോൺ (91) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ: പരേതയായ ഏലിയാമ്മ ജോൺ മക്കൾ: ഡോ. നെൽസൺ പി ജോൺ (യുഎസ്എ), ലീലാമ്മ ബാബു (യുഎസ്എ), സാമുവൽ പി ജോൺ (യുകെ), വത്സമ്മ വിൽസൺ (നിലമ്പൂർ). മരുമക്കൾ: ആനി ജോൺ, ബാബു ഫിലിപ്പ്, ലൗലി ജോൺ, വിൽസൺ തട്ടാരത്തറ.

**സി. ജെ. ജോൺ**



**ബെംഗളൂരു:** ദി പെന്തെക്കൊസ്ത് മിഷൻ ബാംഗ്ലൂർ സെന്റർ സഭാംഗം കൊല്ലം കോക്കാട് ചരിവുകാലായിൽ സി.ജെ.ജോൺ (66) നിത്യതയിൽ. സംസ്കാരം നടത്തി. ഭാര്യ: പരേതയായ ജൈനമ്മ ജോൺ. മക്കൾ: റെജി ജോൺ (ബെംഗളൂരു), എസ്തർ സിബി (ഷാർജ), റീജ ജോൺ (മുംബൈ). മരുമക്കൾ: ടിഷ, സിബി ജേക്കബ്, സാജു ചാക്കോ .

**പി. റ്റി. തോമസ്**



**വെണ്ണിക്കുളം:** വാലാങ്കര പഴൂർ വീട്ടിൽ പി. റ്റി. തോമസ് (അച്ചൻക്കുഞ്ഞ്-72) നിത്യതയിൽ. മക്കൾ: കെവിൻ, കെൻസ. മരുമക്കൾ: ബെറ്റ്സി, ജിൻസി. സഹോദരങ്ങൾ: തോമസ് മാത്യു, റോസമ്മ മാത്യു, കൊച്ചുമോൾ സാം (യു.എസ്.എ). ചർച്ച് ഓഫ് ഗോഡ് വെണ്ണിക്കുളം സഭാംഗമാണ്. സംസ്കാരം നടത്തി.

**തങ്കമ്മ ജോർജ്**



ഐപിസി പെരിങ്ങനാട് സഭാ അംഗം പുത്തൻവിള തെക്കതിൽ തങ്കമ്മ ജോർജ് (82) നിത്യതയിൽ. സംസ്കാരം നടത്തി. മക്കൾ: ജയിംസ്, ജോസ്, പരേതയായ ജോളി. മരുമക്കൾ: എൽസി ജംയസ്, ഫേബാ ജോസ്, ഷാജി പി മാത്യു (ഷാർജ).

**കെ. ഇ. തങ്കമ്മ ശമുവേൽ**



**ആയൂർ:** ഐപിസി അമ്പലംകുന്ന് ഗിൽഗാൽ സഭാംഗം പരേതനായ ചാക്കോ ശാമുവേലിന്റെ ഭാര്യ മുടക്കാനിൽ കെ. ഇ. തങ്കമ്മ ശമുവേൽ (86) നിത്യതയിൽ. സംസ്കാരം നടത്തി. മക്കൾ: ജേക്കബ് (സോമൻ), നെൽസൻ, റോസമ്മ, ഷീല, സോഫി, ഷാജി. മരുമക്കൾ: കുഞ്ഞുമോൾ, സോഫി, കൊച്ചുമോൻ, അലക്സ്, ഷാജി, സുമ.

**മേരികുട്ടി ശാമുവേൽ**



**മാവേലിക്കര:** ദി പെന്തെക്കൊസ്ത് മിഷൻ മാവേലിക്കര സഭാംഗം ഈരേഴ വടക്ക് കുറ്റിയിൽ പുത്തൻപുരയിൽ കെ പി ശാമുവേലിന്റെ ഭാര്യ മേരികുട്ടി ശാമുവേൽ (തങ്കമ്മ-66) നിത്യതയിൽ. സംസ്കാരം നടത്തി. മക്കൾ: ജെനി, ജയൻ, ജിബി. മരുമക്കൾ: ഉണ്ണികുഞ്ഞ്, ലിൻസി, സോജി.

**അന്നമ്മ ജോൺ**



**തിരുവല്ല:** ദി പെന്തെക്കൊസ്ത് മിഷൻ തിരുവല്ല സഭാംഗം ആമല്ലൂർ പുതുപറമ്പിൽ പരേതനായ പി കെ ജോണി ഭാര്യ അന്നമ്മ ജോൺ (80) നിത്യതയിൽ. സംസ്കാരം നടത്തി. മക്കൾ: ലീലാമ്മ ജോൺ (കൊട്ടാരക്കര), മിനി ജോൺ (തിരുവല്ല), ബാബു ജോൺ (തിരുവല്ല). മരുമക്കൾ. ബാബു (കൊല്ലം), റീന (തിരുവനന്തപുരം).

**റോസമ്മ തോമസ്**



**പാണ്ടിത്തിട്ട:** ഐപിസി ഡിണ്ടിക്കൽ മുൻ സെന്റർ പാസ്റ്റർ തോമസ് ഡാനിയേലിന്റെ ഭാര്യ റോസമ്മ തോമസ് (62) നിത്യതയിൽ. പോരുവഴി ഇടക്കാട് ചിറക്കരോട്ട് കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ ഗ്രൈസൺ ഡി തോമസ് (ഐ പി സി ചർച്ച് മടിവാള), ജിൻസൺ ഡി തോമസ്. മരുമക്കൾ: ജീന, റെനി, സംസ്കാരം നടത്തി.

**ഏലിയാമ്മ ജോസഫ്**




**കോട്ടയം:** ഐ പി സി ഫിലദൽഫിയ കഞ്ഞിക്കുഴി സഭാംഗം കൊല്ലാട് ഇല്ലിപ്പറമ്പിൽ കരിത്താറ്റിൽ ടോം മാത്യുവിന്റെ (റിട്ട. എസ് ഐ) ഭാര്യ ഏലിയാമ്മ ജോസഫ് (കൊച്ചുമോൾ 58) (റിട്ട. അദ്ധ്യാപിക, എൻ. എം എൽ പി എസ്, പാമ്പാടി) നിത്യതയിൽ. സംസ്കാരം മാങ്ങാനം ചിലമ്പ്രക്കുന്നു ഐ പി സി സെമിത്തേരിയിൽ നടത്തി. പരേത റാന്നി പള്ളിക്കൽ കുടുംബാംഗമാണ്. മക്കൾ: അലൻ. ടി. മാത്യു (എഞ്ചിനീയർ, ടെക്നോപാർക്ക്, തിരുവനന്തപുരം), ഡോ. അലീന എൽസ ടോം, മരുമകൾ: ഡോക്ടർ. ആൻസി അലൻ. കൊച്ചുമകൾ: എവ്ലിൻ ലേയ അലൻ.

**ഓമന പാപ്പച്ചൻ**



**ഗുരുവായൂർ:** ഐപിസി ഇമ്മാനുവേൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ.വി.പാപ്പച്ചന്റെ ഭാര്യ ഓമന പാപ്പച്ചൻ (57) നിത്യതയിൽ. സംസ്കാരം നടത്തി. മകൾ: ഫേബ.

**സൂസമ്മ കുര്യൻ**



**മാന്നാർ:** ഐപിസി തേവേരി സഭാംഗം പുത്തൻപുരയ്ക്കൽ പി ജെ കുര്യന്റെ ഭാര്യ സൂസമ്മ കുര്യൻ (81) നിത്യതയിൽ. മക്കൾ: ജോസഫ് കുര്യൻ (ബെന്നി), ബെൻസി, ബിനു. മരുമക്കൾ: സാൽവി; ജോസഫ്, പരേതനായ ബിനു പോൾ. സംസ്കാരം ഐപിസി തേവേരി സഭാ സെമിത്തേരിയിൽ നടന്നു.

# എൽസാ ചാക്കോയ്ക്ക് ഫെലോഷിപ്പ്



**കോട്ടയം:** ഐ.പി.സി. ചുങ്കത്തറ, നിലമ്പൂർ സഭാംഗം എൽസാ ചാക്കോയ്ക്ക് അമേരിക്കയിലെ പ്രശസ്തമായ ലൂയിസ് വില്ലെ സർവകലാശാലയിൽ ഒരു വർഷത്തെ ഗവേഷണത്തിനുള്ള ഫെലോഷിപ്പാണ് ലഭിച്ചു.

എം.ടെക് അവസാന വർഷ ഇൻറേൺഷിപ്പിന്റെ ഭാഗമായി എം.ജി. സർവകലാശാലയിലെ 12 വിദ്യാർഥികൾക്ക് പ്രശസ്തമായ വിദേശ സർവകലാശാലകളിൽ ഫെലോഷിപ്പ് ലഭിച്ച കൂട്ടത്തിലാണ് എൽസയ്ക്കും ഫെലോഷിപ്പ് ലഭിച്ചത്. സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ ആറു വിദ്യാർഥികൾക്കാണ് അമേരിക്കയിലെ വിഖ്യാതമായ ലൂയിസ് വില്ലെ സർവകലാശാല ഒരു വർഷത്തെ ഗവേഷണത്തിനുള്ള ഫെലോഷിപ് നൽകിയിരിക്കുന്നത്.

പഠന രംഗത്ത് ചെറുപ്പം മുതൽ മികവു പുലർത്തിയ എൽസ ബിരുദ ബിരുദാനന്തര പഠനങ്ങളെല്ലാം സ്കോളർഷിപ്പോടെയാണ് പൂർത്തിയാക്കിയത്. ഏക സഹോദരി ഡോ. അക്സ ചാക്കോ.

എരുമമുണ്ട എരപ്പിൽ എ.എസ്. ചാക്കോ എൽസി ചാക്കോ ദമ്പദികളുടെ മകളാണ് എൽസാ ചാക്കോ.

**കവിത**

**സജി പീച്ചി**



## കാസയും കസാലയും

കാസ കൈകളിലേന്തുന്നവർ
കസാലകൾക്കായ് മുഷ്ടി
ചുരുട്ടുന്നു.
കർത്ത്യഭൃത്യന്മാർ
തന്ത്രിമാർ മന്ത്രിമാർ
മാലോകരെല്ലാം
കസേലകൾക്കായ്
തമ്മിലടി.

മുദ്രാവാക്യം വിളികൾ....!
തമ്മിൽ കലഹം..കലാപം....!
അധികാരത്തിന്റെ കസാലയിൽ -
ആജീവനാന്തം ഭദ്രാസനത്തിൽ -
വാണീടാമെന്നുള്ള വ്യാമോഹം....

കാലഹരണപ്പെട്ട
കസാലയിൽ
ചാരിതാർഥ്യാത്തോടെ
സ്വപ്നങ്ങൾ കണ്ട്
വീരപൂമാൻകൾ നീണ്ടു
നിവർന്നു കിടക്കുന്നു ...!

വ്യാകരണമില്ലാത്ത
വാക്കുകൾ കൊണ്ടെന്റെ
വാതായനങ്ങൾ നിറയുന്നു...
അടച്ചിട്ടമുറിയിൽ
എന്നന്തരംഗത്തിൽ
അഴുക്കുചാലിൻ
ദുർഗന്ധം നിറയുന്നു....!

പിന്നെ ഞാൻ കണ്ടു
കസേലകളുടെ നീണ്ട
ഘോഷയാത്ര...!
വീഥിയിൽ നിറയെ
പോസ്റ്ററുകൾ...
ചിരിച്ചും ചരിഞ്ഞും
വിവിധ രൂപത്തിൽ
ഭാവത്തിൽ

അലങ്കാരഭംഗിയിൽ
അണിയിച്ചൊരുക്കിയ
പൊളീഷ് ചെയ്ത
തടിയിൽ, തകിടിൽ,
തായ് വേരിൽ തീർത്ത
കസേലകളുടെ പ്രദർശന നഗരി.

ചാനലിൽ കസാലയുടെ
വൻപരസ്യം....
കാസയിൽ വീഞ്ഞുമായ്
പാതിരിയെത്തുന്നു
പകർന്നു നുണയുവാനെന്റെ
ഊഴവും കാത്ത് ഞാനിരിക്കുന്നു.

# 01 പിസിനാക്കിന്റെ വളർച്ചയ്ക്കായി...

ഭാവി എന്താകുമെന്ന് ചിന്തിക്കുന്ന ചില പെന്തെക്കോസ്തു വിശ്വാസികൾ വടക്കേ അമേരിക്കയിലുണ്ടെന്നതും സത്യമാണ്. ഇതേ തുടർന്നാണ് 2019-ൽ ഫ്ളോറിഡയിൽ നടന്ന പിസിനാക്കിൽ ഇതേപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പതിനഞ്ചുപേരെ ഉൾപ്പെടുത്തി ഒരു ഫോക്കസ് കമ്മറ്റി രൂപീകരിച്ചത്. ഈ കമ്മറ്റി ഇതേപ്പറ്റി വിശദപഠനം നടത്തി. അതിനു വേണ്ടി നടത്തിയ ഒരു സൂം മീറ്റിങ്ങിൽ അമ്പത് സംസ്ഥാനങ്ങളിൽ നിന്നുള്ള പാസ്റ്റർമാരും ലീഡേഴ്സും പങ്കെടുത്തു. വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അവർ പങ്കുവെച്ചു. അതിൽ ചിലത് താഴെ ചേർക്കുന്നു.


യൗവ്വനക്കാർക്ക് പ്രാധാന്യം കൊടുത്ത് നേതൃത്വനിരയിലേക്ക് അവരെ കൊണ്ടുവരിക. മഹായോഗങ്ങൾ ജനപ്രീതി നേടുന്നത് അതിൽ പങ്കെടുത്ത് പ്രസംഗിക്കുന്ന പ്രശസ്തരിലൂടെയാണ്. അതുകൊണ്ട് പ്രശസ്ത അഭിഷിക്തരും പ്രശസ്തരുമായ ദൈവദാസന്മാരെ പ്രഭാഷണത്തിനായി ക്ഷണിക്കുക. പ്രശസ്ത ഗായകസംഘം ജനത്തെ സ്വാധീനിക്കാറുണ്ട്. അതുകൊണ്ട് ഹിൽസോങ് പോലുള്ള ഗായകസംഘത്തെ പങ്കെടുപ്പിക്കുക. മലയാളി പെന്തെക്കോസ്ത് വിശ്വാസികൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളിൽ മാത്രം പിസിനാക് സമ്മേളനം നടത്തുക. ചെലവ് ചുരുക്കണം ആർഭാടങ്ങൾ ഒഴിവാക്കണം. ചിട്ടയോടുകൂടി വേണം സമ്മേളനങ്ങൾ നടത്താൻ. 'പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ്' (PCNAK) എന്ന പേരിൽ സംഘനയെ രജിസ്റ്റർ ചെയ്യുക. അതുമുഖാന്തരം എല്ലാ സ്റ്റേറ്റുകളിലുമുള്ള എല്ലാ വിശ്വാസികൾക്കും പുതിയ വ്യക്തികൾക്കും പ്രസ്ഥാനത്തെ നയിക്കാനുള്ള അവസരങ്ങൾ സംജാതമാകും.

MOB: 9526602670
beljourn@gmail.com
VOL 16, ISSUE 04
Price: ₹ 10

BELIEVERS JOURNAL
PUBLISHED ON 25/04/2023

BELIEVERS JOURNAL
Post Box No: 58
Kumbanad P.O.
Thiruvalla - 689 547

RNI. NO. KERMAL/2008/26530 | beljourn.com/ www.bjournal.org | E-mail: beljourn@gmail.com




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.